സത്യം മിനിസ്ട്രീസ്

# ജീവവചനം

അക്ഷരത്തിലൂടെ ആത്മാക്കൾ | ദ്വൈവാരിക

20 Years in Literature Ministry

❖ 14 ഡിസംബർ 2008 ❖ പുസ്തകം 16 ❖ലക്കം 55 ❖വില 2.00

# കുമ്പനാട് കൺവൻഷൻ

## ഡിസം. 28 മുതൽ ജനു. 4 വരെ

**കുമ്പനാട് :** കുമ്പനാടും പരിസരങ്ങളിലുമുള്ള ബ്രദറൺ സഭകളുടെ സഹകരണത്തിൽ നടത്തപ്പെടുന്ന 106-മത് കുമ്പനാട് കൺവൻഷന് ഡിസംബർ 28- ന് ആരംഭമാകും. നോയൽ മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിനു സമീപം തയ്യാർ ചെയ്യുന്ന പന്തലാണ് നൂറ്റാണ്ട് പഴക്കമുള്ള ഈ ആത്മീയ സമ്മേളനത്തിന് വേദിയാകുന്നത്.

2008 ഡിസംബർ 28 മുതൽ 2009 ജനുവരി 4 വരെയാണ് ഈ വർഷത്തെ കൺവഷൻ. കൺവഷന്റെ ഉദ്ഘാടന സമ്മേളനം 28-ന് ആറു മണിക്ക് നടക്കും. നൂറിലധികം വർഷങ്ങളുടെ ആത്മീയ ചരിത്ര പാരമ്പര്യവും പഴക്കവുമുള്ള ഈ കൺവൻഷനിൽ വിദേശികളും സ്വദേശികളുമായ അനേകം ദൈവദാസന്മാർ ദൈവവചനം ഘോഷിച്ചിട്ടുണ്ട്.

സുവി. എം. എം. സഖറിയ, ഡോ. ഒ. എം. സാമുവേൽ, സുവി. വർഗ്ഗീസ് കെ. കുര്യൻ, സുവി. ചാണ്ടപ്പിള്ള ഫിലിപ്പ്, സുവി. ജോസ് മാത്യു, സുവി. വി. പി. പൗലൊസ്, സുവി. സണ്ണി തോമസ് എന്നിവരാണ് ഈ വർഷത്തെ പ്രസംഗകർ.

രാത്രി യോഗങ്ങൾ എല്ലാ ദിവസവും വൈകുന്നേരം 6.30- ന് ആരംഭിച്ച് 8.30- ന് അവസാനിക്കും. തിങ്കൾ മുതൽ ശനി വരെ എല്ലാ ദിവസവും രാവിലെ ബൈബിൾ ക്ലാസ് ഉണ്ടായിരിക്കും.

വിവിധ ദിവസങ്ങളിൽ സുവിശേഷകന്മാരുടെ സമ്മേളനം, സോദരി സമാജം, പൊതുയോഗം, സ്കൂൾ കുട്ടികളുടെയും മിഷണറിമാരുടെയും യോഗം, കുടുംബ സംഗമം, സണ്ടേസ്കൂൾ ക്ലാസ്സ്, കാർത്തൃമേശ എന്നിവ ഉണ്ടാകും. കൺവൻഷനോടനുബന്ധിച്ച് വിവിധ കേന്ദ്രങ്ങളിൽ പരസ്യയോഗങ്ങൾ നടക്കും. കൺവൻഷനുള്ള ഒരുക്കങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു എന്ന് സംഘാടകർ അറിയിച്ചു.

# കോട്ടയം കൺവൻഷന് അനുഗ്രഹ സമാപ്തി

**കോട്ടയം:** ഡിസംബർ 1-ാം തീയതി തിങ്കളാഴ്ച തിരുനക്കര മൈതാനിയിൽ ആരംഭിച്ച കോട്ടയം കൺവൻഷന് മംഗളകരമായ സമാപനം. അക്ഷര നഗരിയായ കോട്ടയത്തിന് ആത്മാവിന്റെ ജീവൻ പകർന്നു നല്കിയ കൺവൻഷന് സമാപനം കുറിക്കപ്പെട്ടത് ഡിസംബർ 7 ഞായറാഴ്ചയാണ്.

ഒരാഴ്ച നീണ്ടു നിന്ന സുവിശേഷ യോഗത്തിൽ കർത്തൃ ദാസന്മാരായ ബ്രദ. ജോസ് മങ്കുടി, ബ്രദ. ജോയി ജോൺ, ഡോ. കോശി മാത്യു, സുവി. എം. എം. സഖറിയ, സുവി. ജോൺ കുര്യൻ, ബ്രദ. ചാണ്ടപ്പിള്ള ഫിലിപ്പ് തുടങ്ങിയവരാണ് ജനത്തിന് ആത്മീയ ദൂത് വിളമ്പിയത്.

പ്രഭാത ധ്യാനവും, പകൽ യോഗങ്ങളും, രാത്രിയോഗങ്ങളും തിരുനക്കര മൈതാനത്തു വച്ചു തന്നെ നടത്തപ്പെട്ടു. കൺവൻഷനോടനുബന്ധിച്ച് സുവിശേഷകന്മാരുടെ സമ്മേളനം സംഘടിക്കപ്പെട്ടിരുന്നു. ഡിസംബർ 2 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് കോട്ടയം ബ്രദറൺ ഹാളിലായിരുന്നു സമ്മേളനം.

സോദരി സമ്മേളനം 6-ാം തീയതി ശനിയാഴ്ചയും, യുവജന സമ്മേളനം 7-ാം തീയതി ഞായറാഴ്ചയും കെ. പി. എസ്. മേനോൻ ഹാളിൽ നടത്തപ്പെട്ടു. കോട്ടയത്തും സമീപ പ്രദേശത്തുമുള്ള ബ്രദറൺ സഭകളുടെ ആഭിമുഖ്യത്തിലായിരുന്നു പതിവ് കൺവൻഷൻ നടത്തപ്പെട്ടത്.

# ബാലസംഘം വാർഷിക ക്യാമ്പ്

**അടൂർ:** സുവിശേഷകൻ ബാലസംഘം പുനലൂർ സെന്ററിന്റെ ഈ വർഷത്തെ ക്യാമ്പിനുള്ള ഒരുക്കങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. 2008 ഡിസംബർ 21 ഞായർ വൈകുന്നേരം 4 മുതൽ 24 ബുധൻ 1 മണി വരെ അടൂരുള്ള മാർത്തോമ യൂത്ത് സെന്ററിലാണ് വാർഷിക ക്യാമ്പ് നടത്തപ്പെടുന്നത്. "കർത്താവിന് യോഗ്യമാകും വണ്ണം നടക്കുക"(കൊലൊ. 1:10) എന്നതാണ് ഈ വർഷത്തെ ക്യാമ്പ് തീം.

21- ന് (ഞായർ) വൈകിട്ട് 6. 30 മുതൽ 8.30 വരെ നടക്കുന്ന ഉത്ഘാടന സമ്മേളനത്തിന് ബ്രദ. വി. ഇ. തോമസ് അദ്ധ്യക്ഷത വഹിക്കും. സുവി. കെ. വി. ജോൺ (പത്തനാപുരം) ക്യാമ്പ് ഉദ്ഘാടനം ചെയ്യും. ബ്രദ. ഏബ്രഹാം ജേക്കബ്, ബ്രദ. ബിജു വർഗ്ഗീസ് എന്നിവർ ആശംസ അറിയിക്കും.

ബ്രദ. ബാബു തോമസ് (അങ്കമാലി), ബ്രദ. വി. ജെ. മാത്യു (മരുത), ബ്രദ. ഏബ്രഹാം ജേക്കബ് (കോട്ടയം), ബ്രദ. ബിജു വർഗ്ഗീസ് (ചേത്തയ്ക്കൽ) എന്നീ കർത്തൃ ദാസന്മാരായിരിക്കും പ്രധാന ക്യാമ്പ് ലീഡേഴ്സ്. 2008 മാർച്ചിലെ എസ്. എസ്. എൽ. സി, പ്ലസ്ടു പരീക്ഷകൾക്ക് ഏറ്റവും കൂടുതൽ മാർക്കു നേടിയ സുവിശേഷകൻ ബാലസംഘം പുനലൂർ അംഗങ്ങൾക്ക് ക്യാമ്പിൽ അവാർഡ് വിതരണം ചെയ്യും.

24- ന് (ബുധൻ) രാവിലെ 11 മുതൽ 1 മണി വരെ നടക്കുന്ന സമാപന സമ്മേളനത്തിൽ ബ്രദ. പി. പി. മാത്യു (സെന്റർ രക്ഷാധികാരി) അദ്ധ്യക്ഷത വഹിക്കും. സമാപന സമ്മേളനം ബ്രദ. പി. എം. ഏബ്രഹാം ഉത്ഘാടനം ചെയ്യും. ബ്രദ. സാബു തോമസ്, ബ്രദ. പി. ജെ. മാത്യു എന്നിവർ സന്ദേശങ്ങൾ നല്കും. ക്യാമ്പിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. കൂടുതൽ വിവരങ്ങൾക്ക് Evg. K.V Peter, Bretheren Assembly, Channappetta, Kollam Dist. Pin. 691 311, Tel: 0475 2304815, Mob. 9447479832

# ഒറീസ്സയുടെ കറുത്ത പാടുകൾ

**ഭുവനേശ്വർ:** വർഗ്ഗീയകലാപത്തിന്റെ അഭിശപ്തനാവുകൾ നക്കിത്തുടച്ച ഒറീസയിലെ കന്ദവാൽ ജില്ല സന്ദർശിച്ച കേരളത്തിൽ നിന്നുള്ള പുരോഗമന കലാ സാഹിത്യ സംഘം പ്രവർത്തകയായ സീതമ്മാൾ 'മാധ്യമ'ത്തിൽ എഴുതിയ യാത്രാനുഭവക്കുറിപ്പിന്റെ പ്രസക്തഭാഗങ്ങൾ !

ഒറീസയുടെ തലസ്ഥാനമായ ഭുവനേശ്വറിൽനിന്ന് 211 കി.മീ. അകലെയാണ് 90 ശതമാനം വരുന്ന ആദിവാസികളടങ്ങുന്ന കന്ദവാൽ ജില്ല. ഭുവനേശ്വറിൽ നിന്ന് സമാധാന റാലിയിൽ പങ്കെടുക്കാൻ പോയ സർവ്വകക്ഷി സംഘത്തോടൊപ്പമാണ് കേരളത്തിൽ നിന്ന് ഒറീസയിലെത്തിയ സംഘാംഗങ്ങളും ഭാരവാഹികളുമായ വി. എൻ. മുരളി, പ്രൊഫസർ എരുവേലിപരമേശ്വരൻപിള്ള, പുരുഷൻ കടലുണ്ടി, കെ. ഇ. എൻ . കുഞ്ഞഹമ്മദ്, വി. സീതമ്മാൾ, സുജാ സൂസൻ ജോർജ് എന്നിവർ കന്ദവാലിന്റെ തലസ്ഥാന നഗരമായ ഫുൽബാനിയിലെത്തിയത്: ദുഃഖത്തോടെ പറയട്ടെ, 'ഒന്നുകിൽ ഹിന്ദുവാകുക, അല്ലെങ്കിൽ മരിക്കാൻ തയ്യാറാവുക' എന്ന ആഹ്വാനവുമായി തേർവാഴ്ച നടത്തുന്ന വർഗ്ഗീയവാദികളുടെ നാടായി മാറിയിരിക്കുകയാണ് ഒറീസയിലെ കന്ദവാൽ ജില്ല

അവിടെ ഇപ്പോഴും കർഫ്യൂനിലവിലുണ്ട്. പോലീസും പട്ടാളവും തോക്കുമായി എല്ലായിടത്തും റോന്തു ചുറ്റുന്നു. കന്ദവാലിൽ നടന്ന വംശഹത്യയിൽ ഫുൽബാനിലെ സാധാരണ ജനങ്ങൾ നിശബ്ദതപാലിക്കുന്നതായി തോന്നി. എല്ലാവിധ സ്ഥാവര ജംഗമ വസ്തുക്കളും തട്ടിയെടുത്ത് ആളുകളെ ആട്ടിപ്പായിച്ചതും അരും കൊലകൾ നടത്തിയതും ടൗണിന്റെ പ്രാന്തപ്രദേശത്തുള്ള വില്ലേജുകളിലാണ്.

കന്നുകാലിമേയ്ച്ചും കാടുകളിൽ നിന്ന് വിറകു ശേഖരിച്ചും കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ട് ഉപജീവിച്ചിരുന്നവർ വിദ്യാഭ്യാസത്തിൽ വളരെ താഴ്ന്ന നിലവാരം പുലർത്തിയിരുന്നവർ, വർഷങ്ങൾ മുമ്പെത്തിയ മിഷനറിമാരുടെ പ്രവർത്തനഫലമായി വിദ്യാഭ്യാസവും വൈദ്യസഹായവും ലഭിച്ച് ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് വരുകയും മെച്ചപ്പെട്ട ജീവിതത്തിന് ഉടമകളായിത്തീരുകയും ചെയ്തു എന്നതാണ് വസ്തുത ! എന്നാൽ ഹിന്ദുത്വ അജണ്ട നടപ്പിലാക്കാനുള്ള ഉപകരണങ്ങളാക്കി അവരെ മാറ്റുവാനാണ് സ്വാമി ലക്ഷ്മണാനന്ദയുടെ നേതൃത്വത്തിൽ സത്സംഗ് പ്രഭാഷണം പോലെയുള്ള പ്രവർത്തനങ്ങൾ അവിടെ നടത്തിയത്. അന്യമതങ്ങൾ വിദേശീയമാണെന്നും ആരും അവരുടെ കെണിയിൽ ചാടരുതെന്നും ഉപദേശിച്ചുകൊണ്ട് ക്രിസ്തുമതത്തിൽ ചേർന്നിട്ടുള്ളവരെ പുനർമതപരിവർത്തനം ചെയ്യുവാൻ ആഹ്വാനം ചെയ്തു. വീടുപൊളിക്കുന്നതിനും കൊലനടത്തുന്നതിനും 500 ഉം 1000 ഉം 10,000 ഉം രൂപാവരെ പ്രതിഫലം വാഗ്ദാനം ചെയ്തു. പേടിച്ച് കാട്ടിലേക്കോടിയ പാവങ്ങൾ ദിവസങ്ങളോളം കാട്ടിലലഞ്ഞു കന്ദവാലിൽ പലയിങ്ങളിലായി 14 അഭയാർത്ഥി ക്യാമ്പുകളിൽ അരലക്ഷത്തോളം പേർ, ഉടുതുണുക്കു മറുതുണിയില്ലാതെ എല്ലാം നഷ്ടപ്പെട്ടവരായി കഴിയുന്നു. ഈ അക്രമത്തിൽ മരിച്ചവർ 37 എന്നതാണ് ഔദ്യോഗിക കണക്കെങ്കിലും നൂറിലേറെ പേർ കൊലചെയ്യപ്പെട്ടിട്ടുണ്ടെന്നു നാട്ടുകാർ പറയുന്നു.

സത്യം

## ദ്വിഭാഷ പഠന ബൈബിൾ

ഇംഗ്ലീഷ് - മലയാളം ബൈബിൾ

### പ്രത്യേകതകൾ

- ★ ഇംഗ്ലീഷ്(NASB) ബൈബിളും മലയാളം ബൈബിളും ഒരേ പേജിൽ
- ★ ഇംഗ്ലീഷിലും മലയാളത്തിലും വിഷയാധിഷ്ഠിത തലക്കെട്ടുകൾ
- ★ മധ്യഭാഗത്തായി ഒത്തുവാക്യങ്ങൾ- മലയാളത്തിൽ
- ★ ഒരോ പുസ്തകത്തിന്റെയും ലഘുപഠനക്കുറിപ്പും രൂപരേഖയും
- ★ പഴയ പുതിയ നിയമങ്ങളുടെ ഇടക്കാല ചരിത്രം
- ★ അളവുകളും തൂക്കങ്ങളും
- ★ ബൈബിളിന്റെ കാലനുക്രമ ചരിത്രം.
- ★ യേശുവിന്റെ ഉപമകളും അത്ഭുതങ്ങളും
- ★ ബൈബിൾ ചരിത്രം, ചിത്രങ്ങൾ, മാപ്പുകൾ
- ★ യേശുവിന്റെ നിവൃത്തിയായ പ്രവചനങ്ങൾ
- ★ യിസ്രായേൽ ചരിത്രം
- ★ എബ്രായ ഗ്രീക്കു വാക്കുകളും അവയുടെ അർത്ഥവും.
- ★ 1600-ൽ പരം പേജുകൾ

കൈയിൽ കൊണ്ട് നടക്കാവുന്ന വലിപ്പത്തിലുള്ള പഠന ബൈബിൾ



വില: 1000/- രൂപ

കൂടുതൽ വിവരങ്ങൾക്ക്

Sathyam Publications
Thottabhagom P.O., Thiruvalla - 689 541. Kerala, India.
Tel: 0469 2619657, 2619209, Fax: 2619005,
Mob: 9447126182, 9446026182
E-mail: office@truthintl.org, Website: www.truthintl.org

## ഇന്ത്യയ്ക്കു വേണ്ടി പ്രാർത്ഥിക്കുക

## പത്രാധിപ സമിതി

ഡോ. സി. വി. വടവന
(ചീഫ് എഡിറ്റർ)
എ. വി. ജോൺ
ജിജോ അങ്കമാലി
എ. സി. ജോസഫ്
(സബ് എഡിറ്റർ)
പി. എം. ഏബ്രഹാം

സർക്കുലേഷൻ:
മേരിക്കുട്ടി പി.ജെ.

വിദേശപ്രതിനിധികൾ:

യു.എസ്.എ

ന്യൂയോർക്ക്
എ. ജോൺ ബേബി
845 352 3626

ടെക്സാസ്
മാത്യു തോമസ്
281-397-6923

ഡാളസ്
എഡിൻ ജോസഫ്
972 487 2000

മിനിസോട്ടാ
വർഗീസ് പി.വർഗീസ്
651 686 9797

ഡിട്രോയിറ്റ്
കെ.സി. ജോൺസൺ
248 528 9128

ചിക്കാഗോ
താരു വർഗീസ്
630 910 4148

ഹൂസ്റ്റൺ
രാജൻ മാത്യു
281 443 0060

ബഹ്റിൻ
ജെ. ഡി. പോൾ
714 431

യു.എ.ഇ
അബുദബി
ബിജോയ് ജോൺസ് ജോർജ്
050 - 5313382

ഷാർജ
സി. എം. ജേക്കബ്
050-634 6356


# തലക്കുറി
# ഓട്ടം തടയുന്നവർ

ക്രിസ്തീയ ജീവിതത്തെ ഒരു ഓട്ടത്തോടാണ് എബ്രായ ലേഖനത്തിൽ ദൃഷ്ടാന്തപ്പെടുത്തിയിരിക്കുന്നത്. മറുകരയ്ക്കു പോകാൻ കാറ്റും കോളുമുള്ള കടലിൽ തണ്ടു വലിക്കുന്ന പടകുയാത്രയോടും, (യോഹ. 6:16, 21) പാറമേൽ അടിസ്ഥാനമിട്ടു നടത്തുന്ന ഒരു വീടുപണിയോടും (മത്താ. 7:24-27) വിശ്വാസിയുടെ ജീവിതത്തെ സാമ്യപ്പെടുത്താവുന്നതാണ്. ഓട്ടത്തോടു ജീവിതത്തെ സാമ്യപ്പെടുത്തുമ്പോൾ ഒരു മത്സര ഓട്ടമാണ് പൗലൊസ് വിവക്ഷിക്കുന്നത് (1 കൊരി. 9:24). ഓട്ടക്കളത്തിൽ മത്സരിച്ചു ഓടി വിരുതു പ്രാപിക്കുന്നവരെ ഇലകൊണ്ടുള്ള ഒരു കിരീടമാണു പണ്ടുകാലത്ത് അണിയിച്ചുവന്നത്. അതു വാടുന്നതായിരുന്നു. ദൈവമക്കളായ നമുക്ക് വാടാത്ത കിരീടം വച്ചിരിക്കുന്നതുകൊണ്ട് അതു പ്രാപിപ്പാൻ വേണ്ടി ഓടണമെന്ന് അപ്പൊസ്തലൻ ആഹ്വാനം ചെയ്യുന്നു. ഗലാത്യ ക്രിസ്താനികൾ നല്ലവണ്ണം ഓടിയിരുന്നു (ഗലാ. 5:7). എന്നാൽ ന്യായപ്രമാണ ഉപദേഷ്ടാക്കന്മാർ അവരെ തടഞ്ഞുകളഞ്ഞു.

പൗലൊസ് തന്റെ ജീവിതത്തെ ഒരു വലിയ ഓട്ടമായിട്ടാണ് കരുതിയത്. ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി അവൻ ലാക്കിലേക്കു ഓടി (ഫിലി. 3:11). അവൻ തന്റെ ഓട്ടം തികയ്ക്കുന്ന ശുശ്രൂഷയിൽ ജീവനെപ്പോലും വിലയേറിയതായി എണ്ണിയില്ല (പ്രവൃ. 20: 24). എന്നാൽ എബ്രായ ക്രിസ്താനികളുടെ ഓട്ടം കുറെ ചെന്നപ്പോൾ അവതാളത്തിലായി. അവരുടെ കാൽ കുഴഞ്ഞു (എബ്രാ. 12:12) കൈകൾ തളർന്നു. അതുകൊണ്ടു സ്ഥിരതയോടെ ഓടണം എന്നു പറയുന്നു. പഴയ നിയമകാലത്തെ വിശ്വാസ പിതാക്കന്മാരെ എല്ലാം ദൃഷ്ടാന്തത്തിനായി സാക്ഷി നിറുത്തി (12:1). എല്ലാറ്റിനും മേലായി യേശുവിനെ മുൻ നിറുത്തി അവനെ നോക്കാനും ധ്യാനിക്കാനും പ്രബോധിപ്പിക്കുന്നു. നമ്മുടെ രക്ഷകനായ യേശു തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷം കണ്ടുകൊണ്ട് അപമാനം നിസ്സാരമാക്കി ക്രൂശു സഹിച്ചു - ദൈവ സിംഹാസനത്തിന്റെ വലത്തു ഭാഗത്തു ഇരിക്കുന്നതു ചൂണ്ടിക്കാണിച്ചുകൊണ്ടാണ് പൗലൊസ് ശ്ലീഹാ പറയുന്നത്. നമുക്കും തളരാതെ ഓടാം.

ഓടുന്നവർ സകല ഭാരവും വിട്ടുകളയണം. മുതുകിലോ തലയിലോ ഭാരം വഹിച്ചുകൊണ്ട് ഓടുന്നതു പ്രയാസമാണ്. എല്ലാ ചിന്താകുലങ്ങളും, ആവലാതികളും, മന:ക്ലേശങ്ങളും കർത്തൃ പാദത്തിൽ സമർപ്പിക്കണം. അതുപോലെ തന്നെ ഓട്ടത്തെ തടസ്സപ്പെടുത്തുന്ന കെണികളും വലകളും മുള്ളുകളുമാണ് മുറുകെ പറ്റുന്ന പാപങ്ങൾ. കാണത്തക്ക പാപപ്രവൃത്തികൾ, മദ്യപാനം, ദുർന്നടപ്പ് മുതലായവ ദൈവമക്കളിൽ കണ്ടെന്നു വരികയില്ല. അത്യാഗ്രഹം, നിഗളം, ആത്മപ്രശംസ, പക, പിണക്കം, ദ്വന്ദപക്ഷം, സ്നേഹമില്ലായ്മ, അഹങ്കാരം ഈ വകയൊക്കെയും മുറുകെ പറ്റുന്ന പാപങ്ങളാണ്. അവ നമ്മിൽ കുടികൊള്ളുന്ന കാലത്തോളം വിജയകരമായ ഒരു ഓട്ടം സാധ്യമല്ല. വിശ്വാസ ജീവിതം ഇന്നു തോൽവി അടഞ്ഞിരിക്കുന്നത് ഇവിടെയാണ്. പ്രായം നോക്കിയാൽ ഉപദേഷ്ടാക്കന്മാരായിരിക്കേണ്ടവർ ഇന്നും ശിശുക്കളായിരിക്കുന്നു. ഒരു ചൈതന്യവുമില്ലാത്ത ജീവിതം, ഉണർവ്വില്ലാത്ത അനുഭവം, സാക്ഷ്യമില്ല, പ്രാർത്ഥനയില്ല, ഇടദിവസങ്ങളിലെ യോഗങ്ങൾക്കു പോക്കില്ല. സഹോദരന്മാരെ കുറ്റം പറയുക, ഭീഷണി പ്രസ്താവന ഇറക്കുക, അവിശ്വാസികളോടു കൂടുതൽ സംസർഗ്ഗം ഇഷ്ടപ്പെടുക ഇവയൊക്കെ ഈ ആത്മിക തളർച്ചയുടെ ലക്ഷണങ്ങളാണ്.

ഓട്ടം തടസ്സപ്പെടുത്താൻ മാത്രം മിനക്കെട്ടിറങ്ങിയിരിക്കുന്ന ഒരു കൂട്ടം ഇന്നു നമ്മുടെ മദ്ധ്യത്തിലുണ്ട്. ഇവർ ഓടത്തുമില്ല, മറ്റുള്ളവരെ ഓടാൻ സമ്മതിക്കത്തുമില്ല. വല്ലവരും ഓടുന്നതു കണ്ടാൽ തട്ടി വീഴ്ത്തുകയാണ് ഇവരുടെ പരിപാടി. ആത്മിക മുന്നേറ്റം ആഗ്രഹിക്കുന്നവർ ഇവരെ വളരെ ശ്രദ്ധിക്കുന്നത് നന്നായിരിക്കും. ഇടർച്ചക്കല്ലും തടങ്കൽ പാറയും സൃഷ്ടിക്കുന്ന ഇവരുടെ പദ്ധതികളിൽ ഭക്തന്മാർ പലരും പട്ടുപോയിട്ടുണ്ടെന്ന യാഥാർത്ഥ്യം വിസ്മരിക്കരുത്.

*ചീഫ് എഡിറ്റർ*

## സഹോദരിമാരോട്
# രഥത്തിനു കെട്ടുന്ന കുതിര


ജെസി. ബെൻസെൻ

ശൂലേമി താൻ കറുത്തവളാണെന്ന് സ്വയം വിലയിരുത്തുന്നു. എന്നാൽ അവളുടെ പ്രിയൻ അവളെ സ്ത്രീകളിൽ അതിസുന്ദരിയെന്നാണ് വിളിക്കുന്നത്. "എന്റെ പ്രിയേ, ഫറവോന്റെ രഥത്തിനു കെട്ടുന്ന പെൺ കുതിരയോട് ഞാൻ നിന്നെ ഉപമിക്കുന്നു " (ഉത്ത. 1:9) എന്നാണ് അവൻ പറയുന്നത്. രാജാവ് സഞ്ചരിക്കുന്ന രഥം നയിക്കുന്ന അത്യുന്നതവും രാജകീയവുമായ ശുശ്രൂഷയാണ് ഈ പെൺകുതിരയുടേത്.

രാജാക്കന്മാരുടെ രഥത്തിനു കെട്ടുന്ന കുതിരകൾ യോഗ്യമായ വിധത്തിൽ പരിശീലിപ്പിക്കപ്പെട്ടതും പ്രത്യേകമായി സംരക്ഷിക്കപ്പെടുന്നതും നല്ല പുഷ്ടിയുള്ളതും ആയിരിക്കും. കൂടാതെ, രഥം അലങ്കരിക്കുന്നതുപോലെ അതിന്മേൽ കെട്ടുന്ന കുതിരകളും അലങ്കരിക്കപ്പെട്ടവയായിരിക്കും. ശൂലേമിയുടെ കവിൾത്തടങ്ങൾ രത്നാവലി കൊണ്ടും കഴുത്ത് മുത്തുമാലകൊണ്ടും ശോഭിച്ചിരിക്കുന്നതു കണ്ടിട്ടാണ് പ്രിയൻ അവളെ ഫറവോന്റെ രഥത്തിനു കെട്ടുന്ന കുതിരയോട് ഉപമിക്കുന്നത്.

ശൂലേമി തന്റെ ബാഹ്യ സൗന്ദര്യത്തെക്കുറിച്ച് കറുത്തവളെന്നും ഇരുൾ നിറം പറ്റിയതെന്നുമൊക്കെ പറയുന്നതുകൊണ്ട് പ്രിയൻ വർണ്ണിച്ചത് അവളുടെ ബാഹ്യസൗന്ദര്യത്തെയല്ല എന്നു മനസ്സിലാക്കാം. "നിങ്ങളുടെ അലങ്കാരം .... പുറമേയുള്ളതല്ല, സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയ ഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നെ ആയിരിക്കേണം" (1 പത്രൊ. 3:4) എന്ന തിരുവചന പ്രകാരം നോക്കുമ്പോൾ പ്രിയൻ വർണ്ണിക്കുന്നത് അവളുടെ ആത്മസൗന്ദര്യത്തെയാണെന്നു വ്യക്തമാക്കുന്നു. ദൈവാത്മാവിനോടുള്ള വിധേയത്വത്തിലും തിരുവചനത്തോടുള്ള അനുസരണത്തിലും മാത്രമേ ആന്തരീക മനുഷ്യൻ സൗമ്യതയും സാവധാനതയും കൈവരിക്കുകയുള്ളൂ.

ശൂലേമിയുടെ കവിൾത്തടങ്ങൾ രത്നാവലികൊണ്ട് അലങ്കരിക്കപ്പെട്ടിരുന്നതു കൂടാതെ കഴുത്ത് മുത്തുമാലകൊണ്ട് ശോഭിച്ചിരുന്നു. ദയയും വിശ്വസ്തതയും കഴുത്തിൽ കെട്ടിക്കൊൾവാനും (സദൃ. 3:3) ജ്ഞാനവും വകതിരിവും കൊണ്ട് കഴുത്ത് അലങ്കരിക്കുവാനും (സദൃ. 3:22) അപ്പന്റെ കല്പനയും അമ്മയുടെ ഉപദേശവും കഴുത്തിൽ കെട്ടുവാനും (6:20, 21) നിർദ്ദേശിക്കുന്നു. അതിനാൽ കഴുത്തിനെ അലങ്കരിക്കുന്ന മുത്തുമാലയിൽ കോർക്കേണ്ടത് ജ്ഞാനവും വകതിരിവും ദയയും വിശ്വസ്തതയും കല്പനയും ഉപദേശവുമൊക്കെയാണെന്ന് ധ്വനിയ്ക്കുന്നു. ശൂലേമിയുടെ കഴുത്തിലെ മുത്തുമാല അവളുടെ പ്രിയതമന്റെ ഹൃദയത്തെ അപഹരിക്കത്തക്ക വിധത്തിൽ ശോഭയുള്ളതായിരുന്നു. "ഒരു നോട്ടം കൊണ്ടും കഴുത്തിലെ മാല കൊണ്ടും നീ എന്റെ ഹൃദയത്തെ അപഹരിച്ചിരിക്കുന്നു " എന്നാണ് അവൻ പറയുന്നത്.

ആ സൗന്ദര്യത്തിന് മാറ്റ്കൂട്ടുമാറ് വെള്ളി മണികളോടു കൂടിയ സ്വർണ്ണ സരപ്പളി അവർക്ക് ഉണ്ടാക്കി കൊടുക്കാമെന്നും പ്രിയൻ വാഗ്ദാനം ചെയ്തിരിക്കുന്നു. കഴുത്തിൽ അണിയുന്ന ആഭരണമാണ് സരപ്പളി (സദൃ 1:9). വചനം ഹൃദയത്തിൽ സംഗ്രഹിക്കയും അത് പ്രമാണിക്കയും ചെയ്താൽ ലഭ്യമാകുന്ന അലങ്കാര മാലയെക്കുറിച്ചും മഹത്വ കിരീടത്തെക്കുറിച്ചുമുള്ള വാഗ്ദാനവും സദൃ. 4:4-9 വാക്യങ്ങളിൽ നാം കാണുന്നു. തന്റെ കഴുത്ത് കഴിവിനനുസരിച്ച് ശൂലേമി മുത്തുമാലയാൽ അലങ്കരിച്ചപ്പോൾ പ്രിയൻ അതോടൊപ്പം വെള്ളിമണികളോടുകൂടിയ സ്വർണ്ണ സരപ്പളിയും അവൾക്കു നല്കുന്നു!

നൂറ്റമ്പത് ശേക്കെൽ വെള്ളി കൊടുത്തായിരുന്നു ശലോമോൻ രാജാവിന് വേണ്ടി കുതിരകളെ വാങ്ങിച്ചിരുന്നത് (1 രാജാ. 10:28, 29). അതുപോലെ ദൈവിക ശുശ്രൂഷകൾക്കായി വിളിക്കപ്പെട്ടവരും നിയമിക്കപ്പെട്ടവരുമാണ് നമ്മൾ. "നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമായ വിധത്തിൽ ... " എന്നു നാം വായിക്കുന്ന പ്രകാരം ആ ശുശ്രൂഷകൾക്കു യോഗ്യമായ രീതിയിൽ പരിശീലിപ്പിക്കപ്പെടേണ്ടവരും പോഷിപ്പിക്കപ്പെടേണ്ടവരും അലങ്കരിക്കപ്പെടേണ്ടവരുമാണ് നാം.

പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിനും പരിശീലനത്തിനും വിധേയപ്പെട്ട് തിരുവചനത്താൽ പോഷണം പ്രാപിച്ച് അനുസരണത്താൽ അലങ്കരിക്കപ്പെട്ട് ആത്മീയ ജീവിതം നയിക്കുന്നെങ്കിൽ മാത്രമേ നമ്മുക്കും കർത്താവിന്റെ ഹൃദയത്തെ അപഹരിക്കാനും രാജകീയ ശുശ്രൂഷയിൽ ശോഭിക്കുവാനും കഴിയുകയുള്ളൂ. അതെ, ശൂലേമി നമ്മെ വെല്ലുവിളിക്കുന്നു! ആത്മിക സൗന്ദര്യവും അലങ്കാരവും കൊണ്ട് പ്രിയന്റെ ഹൃദയത്തെ അപഹരിക്കുവാൻ...! രഥം നയിക്കുന്ന പെൺകുതിരകളാകുവാൻ...! അതിനായി ദൈവം നമ്മെ സഹായിക്കട്ടെ !


## ജീവവചനം

*ഏറ്റവും പ്രചാരമുള്ള ബ്രദറൺ വാർത്താ വാരിക*

വാർഷിക വരിസംഖ്യ
ഇൻഡ്യയിൽ 50 രൂപ
ആയുഷ്ക്കാല വരിസംഖ്യ 500 രൂപ
USA $ 50
മറ്റു രാജ്യങ്ങൾ 1000 രൂപ

വിലാസം
ജീവവചനം
സത്യം മിനിസ്ട്രീസ്
തോട്ടഭാഗം പി.ഒ.
തിരുവല്ല - 689 541
ഫോൺ: 0469-2619209
ഫാക്സ്: 0469-2619005
മൊബൈൽ: 9447126182, 9446026182

USA Address
Sathyam Ministries
P.O. Box. 1088
LA Mirada,
CA-90637

WWW. Truthintl. org



എം.വി. തോമസ്
അടൂർ

# ഏബ്രായ ലേഖനം ഒരു പഠനം - 19

## അധ്യായം 2 (തുടർച്ച)

‘അവരുടെ ഇടയിൽ’ എന്നുള്ളത് even thousands of angels (ആയിരക്കണക്കിനു ദൂതന്മാർ) എന്നാണ്. ഗലാ. 3:19 ൽ ‘എന്നാൽ ന്യായപ്രമാണം എന്തിന്? വാഗ്ദത്തത്തെ ലഭിച്ച സന്തതി വരുവോളം അത് ലംഘനങ്ങൾ നിമിത്തം കൂട്ടിച്ചേർത്തതും ദൂതന്മാർ മുഖാന്തരം മദ്ധ്യസ്ഥന്റെ കയ്യിൽ ഏല്പിച്ചതുമത്രേ. ഈ വിധത്തിൽ സീനായിൽ യഹോവയുടെ മഹത്വം, ന്യായപ്രമാണത്തിന്റെ ആരംഭത്തിൽ ദൂതന്മാരോടു ചേർത്താണ് പറഞ്ഞിരിക്കുന്നത്. ദൂതന്മാരുടെ സാന്നിദ്ധ്യവും പ്രാധാന്യതയും ന്യായപ്രമാണം കൊടുക്കുന്നതിനോടുള്ള ബന്ധത്തിൽ ശ്രദ്ധേയമാണ്. എന്നാൽ പുതിയ നിയമം ക്രിസ്തുമുഖാന്തരം നല്കുന്നത് ഇതിനെക്കാൾ എത്രയോ ശ്രേഷ്ഠമാണെന്നു പറയുവാൻ എബ്രാ. 1-ാം അദ്ധ്യായത്തിൽ എഴുത്തുകാരൻ തുനിയുന്നു. ക്രിസ്തുവിന്റെ മുമ്പിൽ ഈ ദൂതന്മാർ നിഷ്പ്രഭരാണെന്നു മാത്രമല്ല, അവർ രക്ഷ പ്രാപിപ്പാനുള്ളവരുടെ ശുശ്രൂഷയ്ക്കു അയയ്ക്കപ്പെടുന്ന സേവകാത്മാക്കളാണെന്നും പറയുന്നു.

മൂന്നാമതായി: യെഹൂദന്മാർ ദൂതന്മാരെ സകല സൃഷ്ടിയെക്കാൾ ഉയർന്ന സ്ഥാനത്താണ് കണ്ടിരുന്നത്. അവരെ 3:1 ൽ ‘നിയമ ദൂതനായും’ (the Angel of the covenant) പുറ. 3:2 – ൽ ‘യഹോവയുടെ ദൂതനായും’ (Angel of the Lord) കണ്ടിരുന്നു. ഇതിനോടു ചേർന്നു ഉല്പ. 16:7; 19:1; സംഖ്യ 20:16 മുതലായ ഭാഗങ്ങൾ നോക്കുക.

യെഹൂദന്മാരെക്കാൾ പ്രകാശം ലഭിച്ച വിശ്വാസികളായ നമ്മെ സംബന്ധിച്ച് ഈ പ്രയോഗങ്ങളൊക്കെ ത്രിത്വത്തിൽ രണ്ടാമനായ ക്രിസ്തുവിനെക്കുറിച്ചാണെന്നു അറിയാമെങ്കിലും അവർക്കതു മറയപ്പെട്ടിരിക്കുന്നതാണ്. അതുകൊണ്ട് ദൂതന്മാർ സകല മനുഷ്യരെക്കാൾ ശ്രേഷ്ഠരാണെന്നു അവർ ചിന്തിക്കുന്നു. യഥാർത്ഥ മശിഹായായി പിറന്ന യേശുക്രിസ്തു ‘മനുഷ്യനായി’ട്ടാണല്ലോ ജനിച്ചത്. അതുകൊണ്ട് യേശുക്രിസ്തുവിനെയും അവർ ദൂതന്മാരെക്കാൾ താണവനായിട്ടാണ് ചിന്തിച്ചത്. ഇതിന്റെ വെളിച്ചത്തിൽ സർവ്വ ദൂതന്മാരെക്കാൾ യേശു ക്രിസ്തു സർവ്വശ്രേഷ്ഠനാണെന്ന് എഴുത്തുകാരൻ ഇവിടെ തെളിയിക്കുന്നു.

അവരെക്കാൾ ശ്രേഷ്ഠനായി തീരുകയും ചെയ്തു (വാ. 1:4) ദൂതന്മാരുടെ ശ്രേഷ്ഠത (Excellency) എന്താണ്? ദൈവിക സൃഷ്ടിയിൽ ദൂതന്മാരാണ് ഏറ്റവും ശ്രേഷ്ഠരായിട്ടുള്ളത്. സ്വർഗ്ഗമാണ് അവരുടെ ഭവനം (മത്ത. 24:36). അവർ വീരന്മാരും (സങ്കീ. 103:20) സർവ്വശക്തനായ ദൈവത്തിന്റെ ശുശ്രൂഷകന്മാരും (ദാനി. 7:10) വിശുദ്ധരുമാണ് (മത്താ. 25:31). അവരുടെ മുഖം പ്രകാശിക്കുന്നതും വസ്ത്രം ഹിമം പോലെ വെണ്മയുമാണ് (മത്താ. 28:3). അവർ ദൈവസിംഹാസനത്തിന്റെ ചുറ്റും നില്ക്കുന്നു (വെളി. 5:11). ദൈവം ഈ ദൂതന്മാരെയാണ് തന്റെ ആജ്ഞാനുവർത്തികളായി ഭരണം നടത്തുവാൻ ഉപയോഗിക്കുന്നത്. അവർ ലോകത്തിന്റെ ഭരണ കാര്യങ്ങളിൽ ഇടപെടുകയും, ദൈവത്തിന്റെ മക്കളുടെ കാവല്ക്കാരും ശുശ്രൂഷകന്മാരുമായി പ്രവർത്തിക്കുകയും ചെയ്യുന്നു. എന്നാൽ ഇവരെല്ലാം ദൈവപുത്രനായ യേശുക്രിസ്തുവിന്റെ പരിധിയിലും അവന്റെ ആജ്ഞ സർവ്വഥാ അനുസരിച്ചു പ്രവർത്തിക്കുന്നവരുമാണ്. ക്രിസ്തു ദൈവപുത്രൻ എന്ന നിലയിൽ ഈ ദൂതന്മാരെക്കാൾ വിശിഷ്ടമായ നാമമുള്ളവനും, അവരെക്കാൾ ശ്രേഷ്ഠനുമാണ്. ഇപ്രകാരം യേശുക്രിസ്തു സകല നാമത്തിനും മേലായ നാമം ധരിച്ച ശ്രേഷ്ഠനാകയാൽ അവന്റെ മുമ്പിൽ ഭൂലോകരുടെയും, അധോലോകരുടെയും മാത്രമല്ല, സ്വർല്ലോകരുടെയും, അതായത് ദൂതന്മാരുടെയും മുഴങ്കാൽ മടങ്ങുന്നു (ഫിലി. 2:9-11). ദൂതന്മാർ സിംഹാസനത്തിനു ചുറ്റുമാണ് (ദാനീ 5:11). എന്നാൽ ക്രിസ്തു സിംഹാസനത്തിലാണ്.

‘അവൻ ദൈവദൂതന്മാരെക്കാൾ വിശിഷ്ടമായ നാമത്തിന് അവകാശിയായതിന് ഒത്തവണ്ണം (വാ. 4).’ നാം പേരുകൾ പല വിധത്തിൽ അർത്ഥമില്ലാതെ ഉപയോഗിക്കാറുണ്ട്, എന്നാൽ ദൈവിക പേരുകൾക്കു വളരെ വിലയും സ്ഥാനവുമുണ്ട്. കർത്താവ് ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥനയിൽ ആദ്യമായി നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ’ എന്നാണ് കാണുന്നത്. ഇവിടെ ദൈവത്തിന്റെ മാനത്തിനുള്ള മഹാ വിശുദ്ധിയും പ്രാധാന്യതയുമാണ് വിഷയം. സ്വർഗ്ഗവും ഭൂമിയും സകലവും ഈ നാമത്തിലാണ് നിലകൊള്ളുന്നത്. ആ നാമത്തിന്റെ മഹത്വം ആർക്കു വിശദീകരിക്കുവാൻ കഴിയും? ദൈവം യിസ്രായേലിനു വെളിപ്പെടുത്തിയ ആ നാമത്തിലാണ് അവരുടെ നിലനില്പ്പും സകല പദവികളും അനുഗ്രഹങ്ങളും നിലകൊള്ളുന്നത്. “ഞാൻ”എന്നു (“ഞാനാകുന്നവൻ ഞാനാകുന്നു”) ദൈവം വെളിപ്പെടുത്തിയ ആ നാമത്താലാണ് ഫറവോനും സകല മിസ്രയീമും ഭയപ്പെട്ടു വിറച്ചത്. ദൈവത്തിന്റെ അസ്തിത്വത്തിന്റെ ചെറിയൊരു പരസ്യ പ്രദർശനമാണ് തിരുവചനത്തിൽ തന്നെക്കുറിച്ചു വെളിപ്പെടുത്തിയിരിക്കുന്ന നാമത്തിലൂടെ കാണുന്നത്. യേശുക്രിസ്തു ദൈവ ദൂതന്മാരെക്കാൾ വിശിഷ്ടമായ നാമത്തിന് അവകാശിയാണെന്നു പറഞ്ഞിരിക്കുന്നത് ഈ അർത്ഥത്തിൽ വേണം മനസ്സിലാക്കുവാൻ ‘ക്രിസ്തു’ (Christ) ‘കർത്താവ്’ (Lord) എന്നുള്ളത് കേവലം ഒരു നാമം മാത്രമല്ല, അത് അവിടുന്ന് ആരായിരിക്കുന്നുവോ അതിന്റെ സ്വർഗ്ഗീയ വിളംബരത്തിനെയും മഹത്വത്തിന്റെയും പ്രദർശനമാണ്. ‘യേശു’ എന്ന നാമമില്ലാതെ സ്വർഗ്ഗത്തിനും ഭൂമിക്കും തമ്മിൽ യാതൊരു ബന്ധവും ഒരു കാലത്തും ഒരു വിധത്തിലും ഉണ്ടാകയില്ലെന്നോർക്കണം. ഗബ്രിയേൽ, മീഖായേൽ മുതലായ ദൈവദൂതന്മാരുടെ നാമങ്ങൾ അവരെ ഏല്പിച്ചിരിക്കുന്ന ദൗത്യങ്ങളോടനുബന്ധിച്ച് പരിമിതവും പരിധിയും ഉള്ളതായിരിക്കുമ്പോൾ – കർത്താവായ യേശുക്രിസ്തു എന്ന നാമം എന്നേക്കും അനന്യവും, നിത്യത മുതൽ നിത്യതവരെ (അർത്ഥാൽ: അവസാനിക്കാത്ത കാലം) നിലനില്ക്കുന്നതാണ്! ഇതെന്തൊരു വിശിഷ്ടമായ നാമം ഈ നാമത്തിങ്കൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ മടങ്ങുമ്പോൾ തന്നെ ഇത് പകർന്ന തൈലം പോലെ സൗരഭ്യമുള്ളതുമാണ്.

*(തുടരും)*

# വാഗ്ദത്തങ്ങളെ അവകാശമാക്കുക



എൽസി ബേബി

ദൈവം അനവധി വാഗ്ദത്തങ്ങൾ തിരുവചനത്തിലുടനീളം നല്കിട്ടുള്ളതായി നമുക്കു കാണാം. ദൈവം വാഗ്ദത്തങ്ങൾ ചെയ്യുന്നവനും അതു നിവർത്തിക്കുന്നവനുമാണ്. ദൈവത്തിന്റെ മക്കൾക്കാണു വാഗ്ദത്തങ്ങൾ നല്കിയിട്ടുള്ളത്. ദൈവിക വാഗ്ദത്തങ്ങളെ പ്രാപിക്കുവാൻ ചില നിയമങ്ങളുണ്ട്. ദൈവം വാഗ്ദത്തം ചെയ്തവനും വിശ്വസ്തനുമാകയാൽ എല്ലാ വാഗ്ദത്തങ്ങളും നമുക്ക് സ്വന്തമാക്കാം. “വിശ്വാസത്താലും ദീർഘക്ഷമയാലും നമുക്ക് ”ദൈവിക വാഗ്ദത്തങ്ങളെ അവകാശമാക്കുവാൻ സാധിക്കും (എബ്രാ. 6:12). ദൈവത്തിന്റെ ആദ്യ വാഗ്ദത്തം ഉല്പ. 3:15 ൽ കാണുന്ന “സ്ത്രീയുടെ സന്തതി” എന്നുള്ളതാണ്. ആ വാഗ്ദത്തം കർത്താവായ ക്രിസ്തു എന്ന രക്ഷിതാവാണ്. ആ വാഗ്ദത്തത്തെ നിറവേറ്റുവാൻ എത്രകാലം കാത്തിരിക്കേണ്ടി വന്നു. ആദ്യനിയമത്തിലെ ലംഘനങ്ങളിൽ നിന്നുള്ള വീണ്ടെടുപ്പിനായി ഒരു മരണം ഉണ്ടായിട്ട് നിത്യാവകാശത്തിന്റെ വാഗ്ദത്തം വിളിക്കപ്പെട്ടവർക്കു ലഭിക്കേണ്ടതിനു അവൻ (ക്രിസ്തു) പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥനാകുന്നു (എബ്രാ. 9:15). എന്താണു നാം ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്. ക്രിസ്തുവിൽകൂടെ വീണ്ടെടുക്കപ്പെട്ട ദൈവജനത്തിനുള്ളതാണ് ദൈവിക വാഗ്ദത്തങ്ങൾ.

ദൈവം അബ്രാഹാമിനു വാഗ്ദത്തങ്ങൾ നല്കി. ഒരു സന്തതി! ഒരു ദേശം! ഒരു ജാതി! അബ്രഹാം അതു വിശ്വസിച്ചു കാത്തിരുന്നു. എത്രകാലം? ദൈവത്തിൽ വിശ്വസിച്ചു നീതികരണം പ്രാപിച്ച അബ്രഹാമിലൂടെ ദൈവജനം അനുഗ്രഹങ്ങൾ പ്രാപിച്ചു; വിശ്വാസത്താലുള്ള നീതീകരണം പ്രാപിച്ചു. അതൊക്കെ നിറവേറിയതു കർത്താവായ യേശുക്രിസ്തുവിന്റെ മരണ പുനരുത്ഥാനങ്ങളിൽ കൂടെ മാത്രമാകുന്നു. വിശ്വാസത്താൽ ക്രിസ്തുവിൽ കൂടെ ആത്മരക്ഷ പ്രാപിച്ച ദൈവമക്കൾക്കു മാത്രമുള്ളതാകുന്നു ദൈവിക വാഗ്ദത്തങ്ങൾ! പാപികൾക്കു ദൈവത്തിന്റെ വാഗ്ദത്തങ്ങൾ അവകാശമാക്കുവാൻ സാദ്ധ്യമല്ല. സ്വന്തപുത്രനെ ആദരിക്കാതെ നമുക്കെല്ലാവർക്കും വേണ്ടി ഏല്പിച്ചു തന്നവൻ അവനോടു കൂടെ സകലവും നമുക്ക് നല്കാതിരിക്കുമോ? ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയ പ്രകാരം വിളിക്കപ്പെട്ടവർക്കു, മാത്രമാണ് വാഗ്ദത്തങ്ങൾ! വാഗ്ദത്തം ചെയ്ത സർവ്വശക്തനിൽ വിശ്വസിച്ചു ദീർഘക്ഷമയോടെ കാത്തിരിക്കുന്നവർക്കു മാത്രമേ ദൈവിക വാഗ്ദത്തങ്ങൾ അവകാശമാക്കുവാൻ സാധിക്കുകയുള്ളൂ എന്നർത്ഥം. ദൈവിക വാഗ്ദത്തങ്ങൾക്കായി നാം ആഗ്രഹിക്കയും കാത്തിരിക്കയും ചെയ്യുമ്പോൾ ഏറ്റവും പ്രധാനമായി മനസ്സിലാക്കേണ്ട വലിയ സത്യം നാം വാസ്തവമായി ക്രിസ്തുവിനെ വിശ്വാസത്താൽ ഹൃദയത്തിൽ അംഗീകരിച്ച് അവനായി ജീവിതം സമർപ്പിച്ചിട്ടുണ്ട് എന്ന ഉറപ്പുണ്ടോ എന്നുള്ളതാണ്.

അനേകർ വീണ്ടെടുപ്പിനെക്കുറിച്ചും കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നതിനെക്കുറിച്ചും ഏറ്റുപറയുന്നതിനെക്കുറിച്ചും കേട്ടിട്ടുള്ളവരും, അങ്ങനെ ഏറ്റുപറഞ്ഞിട്ടുള്ളവരുമായിരിക്കും. പക്ഷേ ഹൃദയംകൊണ്ടു വിശ്വസിക്കാതെ, ഹൃദയത്തിൽ നിന്നുമല്ലാതെയുള്ള ഏറ്റുപറച്ചിൽ ദൈവം അംഗീകരിക്കുന്നില്ല, ക്രിസ്തുവിനായി ജീവിതം സമർപ്പിച്ച് അവനായി ജീവിക്കുന്നവർ ക്രിസ്തുവിൽ വസിച്ച്, ക്രിസ്തുവിനായി ഫലം കായ്ക്കുന്നവരായിരിക്കും. അവർക്കു വിശ്വാസത്തിന്റെ പരിശോധനകൾ അടിക്കടി നേരിട്ടുകൊണ്ടിരിക്കും. അവയിലൊന്നും അവർ പതറിപ്പോകയില്ല. അവരുടെ ജീവിതം സമ്പൂർണ്ണമായി വിശ്വാസജീവിതമാകുന്നുവെന്ന് അവരെ കാണുന്നവർ മനസ്സിലാക്കും.

ഏതു വലിയ പ്രതിസന്ധികളിൽ കൂടെ കടന്നു പോകേണ്ടിവന്നാലും ക്ഷമയോടെ അന്ത്യംവരെ കാത്തിരുന്ന് ദൈവഹിതം മനസ്സിലാക്കാൻ മടിക്കാത്തവർ! ലൗകിക സുഖങ്ങളെയും ഭൗതിക നന്മകളെയും ചപ്പും ചവറും എന്നെണ്ണി, ദ്രവ്യാഗ്രഹമില്ലാതെ ഉള്ളതിൽ തൃപ്തിപ്പെട്ടു ജീവിക്കുന്നവർ! ഈ ലോകത്തോട് അനുരൂപരാകാതെ ദൈവഹിതം അറിഞ്ഞ് ദൈവത്തെ പ്രസാദിപ്പിച്ചും, ദൈവം പ്രസാദിക്കുന്നതുമായ ജീവിതം നയിക്കുന്നവർ! ക്രിസ്തുവിന്റെ താഴ്മ, സ്നേഹം, ദയ, പരോപകാരം ഇന്ദ്രിയജയം, വിശ്വസ്തത എന്നിവ ജീവിതത്തിൽ പ്രകടമാക്കി ജീവിക്കുന്നവർ!

നമ്മുടെ ജീവിതം ഇങ്ങനെയുള്ളതാണോ? രക്ഷിക്കപ്പെട്ടു, സ്നാനപ്പെട്ടു, എല്ലാ ഞായറാഴ്ചയും യോഗത്തിനു പോകും, കൂട്ടായ്മയിലുണ്ട് വേദപുസ്തകം വായിക്കും, പ്രാർത്ഥിക്കും, രക്ഷ നഷ്ടപ്പെടുകയില്ല, സ്വർഗ്ഗത്തിൽ പോകും അതു മതി എന്നു പറഞ്ഞാണോ നീ ജീവിക്കുന്നത്? നമ്മുടെ ബാഹ്യപ്രകടനങ്ങളൊന്നും ദൈവം നോക്കുന്നില്ല എന്നോർക്കുക. നാം മനുഷ്യരെ പ്രസാദിപ്പിക്കുവാനാണോ ജീവിക്കുന്നത്? നമ്മുടെ ജീവിതം കൊണ്ടു ദൈവം പ്രസാദിക്കുന്നുണ്ടോ? നമ്മുടെ വിശ്വാസം എങ്ങനെയുള്ളതാണ്.

കൾട്ട്- 14

# ദുരുപദേശ സംഘടനകൾ

(തുടർച്ച)

ഡോ. സി.വി.വടവന

സുവിശേഷ വിഹിത സഭകളിൽ നിന്നും ജനങ്ങളെ അപഹരിച്ച് ക്രമേണ അവരെ തങ്ങളുടെ അടിമകളാക്കാൻ ദുരുപദേഷ്ടാക്കന്മാർ ശ്രമിക്കുന്നു. സുവിശേഷ വിഹിത സഭകളുടെ നഷ്ടത്തെ ലഘൂകരിക്കാൻ ബുദ്ധിപൂർവ്വമായ തന്ത്രങ്ങൾ കൈകൊള്ളണം. എല്ലാ സമയത്തും ഉപയോഗിക്കാൻ കഴിയുന്ന സാധാരണ തന്ത്രങ്ങൾ മൂന്നാണ് 1) പഠനാധിഷ്ഠിത തന്ത്രങ്ങൾ 2) സാമൂഹ്യാധിഷ്ഠിത തന്ത്രങ്ങൾ 3) യുദ്ധാധിഷ്ഠിത തന്ത്രങ്ങൾ. ഇവയിൽ മൂന്നാമത്തേതാണ് നാം ഈ ആഴ്ചയിൽ പഠിക്കുന്നത്.

**3. യുദ്ധാധിഷ്ഠിത തന്ത്രങ്ങൾ (Combat strutegies)**

ബൈബിൾ വിശ്വസിക്കുന്ന ആളുകൾ മത്സര മനോഭാവത്തെ ഇഷ്ടപ്പെടുന്നില്ല. അതിനാൽ ഇവർ മറ്റുള്ളവരെ യുദ്ധത്തിനായി പ്രേരിപ്പിക്കുകയോ ആഹ്വാനം ചെയ്യുകയോ ഇല്ല. ഏതായാലും ഈ മനോഭാവം അവർക്ക് സമാധനപരമായ ജിവിതത്തിന് ഉറപ്പു നൽകുന്നില്ല. അതിലുപരിയായി ദൈവ വചനത്തെ ആത്മാർത്ഥമായി പഠിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്ന ഒരു വ്യക്തിയിൽ പോരാട്ട മനാഭാവം ഉണ്ടാവുക തന്നെ ചെയ്യും.

നമുക്ക് പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, മറിച്ച് അന്ധകാരത്തിന്റെ അധിപതികളോടും സ്വർലോകത്തിലെ ദുഷ്ടാത്മസേനയോടും അത്രെ. ദൈവിക സത്യങ്ങൾക്കു വിരുദ്ധമായി ഉയർന്നു വരുന്ന ആശയങ്ങൾക്കും തത്വശാസ്ത്രങ്ങൾക്കുമെതിരെയുള്ളതാണ് നമ്മുടെ യുദ്ധം. നാമെല്ലാവരും ആത്മീയമായ ഒരു യുദ്ധത്തിന്റെ ഭാഗഭാക്കുകളായി മാറ്റപ്പെട്ടിരിക്കുകയാണ്. അതിനുള്ള ഒരു സമർപ്പണമാണ് ആത്യന്തികാവശ്യം.

വീക്ഷണമാണ് ആത്മീയ യുദ്ധത്തിന്റെ പ്രഥമഘട്ടം. അർപ്പണ മനോഭാവമുള്ള എല്ലാവിശ്വാസികളും ദുരുപദേശ സംഘടനയുടെ കൗശലത്തോടെയുള്ള പോരാട്ടത്തെയും അവയുടെ വികാസത്തെയും വീക്ഷിക്കേണ്ടതാണ്. വീക്ഷണാനന്തരം ലഭിക്കുന്ന അറിവിന്റെ അടിസ്ഥാനത്തിൽ അവർക്കെതിരായി ശബ്ദമുയർത്തുകയും അടുത്തുകൊണ്ടിരിക്കുന്ന അപടങ്ങളെ പറ്റി വിശ്വാസികളെ ബോധവാന്മാരാക്കേണ്ടതുമാണ്. അതിലുപരിയായി, സഹായകരമായ ക്രിസ്തീയ പ്രസിദ്ധീകരണങ്ങൾ വിശ്വാസികളുടെ കരങ്ങളിൽ എത്തിക്കുവാൻ പരമാവധി ശ്രമിക്കേണ്ടതുമാണ്. ദുരുപദേഷ്ടാക്കന്മാർക്കെതിരായി നാം ശബ്ദമുയർത്തുന്നതിൽ ഒരു മന്ദീഭാവവും ഒരിക്കലും കടന്നു കൂടുവാൻ പാടില്ല.

ദുരുപദേശ സംഘടനകൾക്കെതിരായി പോരാടുവാൻ ഇറങ്ങി തിരിക്കുക എന്നതാണ് അന്തിമഘട്ടം. ഇത് സാഹിത്യപ്രസിദ്ധീകരണങ്ങളിലൂടെയും, ബഹുജന പ്രസംഗങ്ങളിലൂടെയും, നേരിട്ടുള്ള വാദപ്രതിവാദങ്ങളിലൂടെയും സാദ്ധ്യമാണ്. എന്നാൽ ദുരുപദേഷ്ടാവുമായി വാദപ്രതിവാദത്തിൽ ഏർപ്പെടുന്നതിനുമുമ്പ് വിശ്വാസി ഒരുക്കമുള്ളവനും, മതിയായ പരിശീലനം പ്രാപിച്ചവനും ആയിരിക്കണം. ദുരുപദേശമിഷനറിമാർ പല രീതികളിലൂടെയും, മികച്ച പരിശീലനം പ്രാപിച്ചവരാണ്. ദ്രവ്യേച്ഛയോടെ പ്രവർത്തിക്കുന്ന ഇന്നത്തെ ദുരുപദേശ പ്രചാരകൻ തന്റെ കാര്യസാദ്ധ്യത്തിനായി നവീനമായ പലതന്ത്രങ്ങളും ഉപയോഗിക്കുന്നുണ്ട്, അവന്റെ സജ്ജീകരണത്തെക്കാളും നമ്മുടെ സജ്ജീകരണങ്ങൾ മികച്ചതാണെങ്കിൽ മാത്രമേ പ്രസ്തുത ദുരുപദേഷ്ടാവുമായി വാദപ്രതിവാദത്തിലേർപ്പെടുവാനും വിജയം കൈവരിക്കുവാനും നമുക്കു സാധിക്കുകയുള്ളു.

യുദ്ധത്തിനുപോകുവാൻ ആരും തന്നെ ഇഷ്ടപ്പെടാറില്ല. എന്നാൽ ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം അവൻ ദൈവമകനായി തീരുന്ന നിമിഷം മുതൽ ഒരു ആത്മീയ യുദ്ധത്തിൽ പങ്കാളിയായി മാറുകയാണ്. അതിനാൽ പോരാടുവാൻ തീരുമാനിക്കാത്ത പക്ഷം അവൻ യുദ്ധത്തെ നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്.

ആത്മീയ യുദ്ധത്തിന്റെ ഒരു വശം ദുരുപദേശ സംഘടനകൾക്കും തത്വശാസ്ത്രങ്ങൾക്കുമെതിരെയുള്ള വിശ്വാസികളുടെ പോരാട്ടമാണ്. ഈ യുദ്ധത്തിൽ വിജയം വരിക്കാൻ വേണ്ടി നമ്മുടെ സഭകളിൽ ഒരു ഭവനാന്തരീക്ഷം സൃഷ്ടിക്കപ്പെടേണ്ടതും ഒത്തൊരുമയോടും ക്രിയാത്മകമനോഭാവത്തോടും കൂടി യുദ്ധത്തിൽ ഏർപ്പെടേണ്ടതുമാണ്. എന്തുതന്നെ സംഭവിച്ചാലും നാം ദുരുപദേഷ്ടാക്കന്മാരുടെ മുന്നേറ്റത്തെ തടയേണ്ടതാണ്.

(തുടരും)

ഉത്തരം തേടി-34

# പരിണാമവാദത്തിന് ശാസ്ത്രീയ പിന്തുണയോ?



ജോൺ സെബാസ്റ്റ്യൻ പുതുപ്പള്ളി

***ചോദ്യം:*** *-ബൈബിൾ അനുസരിച്ച് "പ്രത്യേക സൃഷ്ടി " യെന്ന പദത്തിനർത്ഥമെന്ത്?സങ്കരവർഗ്ഗം ഉണ്ടാക്കിയെടുത്തതിനെപറ്റി എന്താണ് പറയാനുള്ളത്? ഉല്പത്തിയിൽ "തരം" (Kind) എന്നതുകൊണ്ട് അർത്ഥമാക്കിയിരിക്കുന്നത് "സ്പീഷീസാണോ"? ഉല്പത്തിപുസ്തക പ്രസ്താവനകൾ ആധുനിക ജീവശാസ്ത്രം സ്ഥീരികരിക്കുന്നുണ്ടോ?*

**ഉത്തരം:** മദ്രാസ് പ്രസിഡൻസി കോളേജിലെ പ്രസിദ്ധ ജീവശാസ്ത്ര പ്രൊഫസറായിരുന്ന എച്ച്. ഈനോക്കിന്റെ വാക്കുകളിൽ ഇതിന് മറുപടി നൽകാം. "ആകാശവും ഭൂമിയും തന്റെ ദിവ്യശക്തിയിൽ ദൈവം ആറുദിവസംകൊണ്ട് സൃഷ്ടിച്ചു. വിവിധതരം ജന്തുക്കളേയും, സസ്യങ്ങളേയും അതതു തരത്തിന് ജന്മം കൊടുക്കാനും അങ്ങനെ ഭൂമിയിൽ വർദ്ധിച്ചു പെരുകുവാനുള്ള കഴിവോടുകൂടി ഉണ്ടാക്കി. ഇതാണ് പ്രത്യേക സൃഷ്ടി- എന്ന പദത്താൽ ഉദ്ദേശിക്കപ്പെടുന്നത്.

നാം ഇന്നറിയുന്ന ലബ്ധപ്രതിഷ്ഠമായ ശാസ്ത്രീയ വസ്തുതകൾക്ക് ഈ പ്രസ്താവന ഒരു വിധത്തിലും വിരുദ്ധമല്ല. എന്നുള്ളതാണ് ഇതിന്റെ വാദം. എന്നാൽ സൃഷ്ടിയെ സംബന്ധിച്ചുള്ള ഈ പ്രസ്താവന പലരും പലവിധത്തിലാണ് മനസ്സിലാക്കിയിരിക്കുന്നത് എന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ഉദാഹരണത്തിന് ലിന്നെയുടെ (Linne-1707-78) വർഗ്ഗീകരണത്തിലെ (Classification) സ്പീഷീസ് (Species) എന്ന പദത്തിനു സമാനാർത്ഥമല്ല ബൈബിളിൽ പ്രസ്താവിച്ചിരിക്കുന്ന തരം (kind). ഇക്വസ് കാബ്ലസ് (Equus Caballus കുതിര) ഇക്വസ് ആസിനസ് (Equus asinus കഴുത), ഇക്വസ് സീബ്രാ (Equus Zebra സീബ്രാ), ഇവയെപ്പോലെ ലിന്നെ ചൂണ്ടികാണിച്ചിട്ടുള്ള പല സ്പീഷീസുകളും അശ്വവർഗ്ഗ (horse kind) ത്തിൽപ്പെട്ടതാണെന്നു കണക്കാക്കാം; സിംഹം, കടുവ, ആദിയായവയെ മാർജ്ജാരവർഗ്ഗത്തിൽ (felisor cat-kind) ഉൾപ്പെടുത്താൻ കഴിയുന്നതുപോലെ. ഈ സ്പീഷീസുകളെ തമ്മിൽ ചേർത്ത് സങ്കരവർഗ്ഗങ്ങൾ കൃത്രിമമായി ഉല്പാദിപ്പിക്കാം. എന്നാൽ ദൈവസൃഷ്ടിയായ പ്രാഥമികവർഗ്ഗങ്ങൾ തമ്മിലുള്ള സങ്കരസൃഷ്ടിയെ ഒരിക്കലും സാധ്യമല്ല. ഉദാഹരണത്തിന് പൂച്ചയും പട്ടിയും തമ്മിലുള്ള സങ്കരമോ, മനുഷ്യനും കുരങ്ങും തമ്മിലുള്ള സങ്കരമോ ഒരിക്കലും ഉല്പാദിപ്പിക്കാൻ കഴിയുകയില്ല. പൊതുവെ മനസ്സിലാക്കുന്നതുപോലെ വിഭാഗതന്ത്രജ്ഞന്റെ (Taxonomist) സ്പീഷിസിനേക്കാൾ വളരെ വിശാലമായ ഗ്രൂപ്പാണ് ബൈബിളിലെ തരം (Kind) എന്നുള്ളത്. പരിണാമ വാദികൾക്കിടയിൽ തന്നെ സ്പീഷീസ് എന്ന പദം വളരെ വിവാദങ്ങൾക്കിട നൽകിയിട്ടുണ്ട്. ഡോക്ടർ മാർഷ് (Dr. Mash) അദ്ദേഹത്തിന്റെ പരിണാവും സൃഷ്ടിയും ശാസ്ത്രവും (Evolution, Creation and Science) എന്ന ഗ്രന്ഥത്തിൽ ചൂണ്ടിക്കാണിക്കുന്നതുപോലെ പരിണാമ വാദികളുടെ ഇടയിലെ ഏറ്റവും അധുനാതനമായ ആശയങ്ങളിലൊന്ന് ഭൂമിശാസ്ത്രപരമായ പല വർഗ്ഗങ്ങളെ (Races) ഉൾക്കൊള്ളുന്ന ഒരു ബഹുവർഗ്ഗ ഗ്രൂപ്പിനെ (Polytypic groups) യാണ്, പലപ്പോഴും ഇതുകൊണ്ടർത്ഥമാക്കുന്നത് എന്നാണ്. സ്പീഷീസ് എന്ന പദത്തെക്കുറിച്ചുള്ള ഈ ധാരണ, പരിണാമവാദിയെ, സൃഷ്ടിവാദിയുടെ തര (Kind) വുമായി കൂടുതൽ അടിപ്പിക്കുന്നു. യഥാർത്ഥത്തിലുള്ള വേദപുസ്തക തരം ഓരോന്നും വിവിധ വസ്തുക്കളാൽ നിർമ്മിതമായ ശരീരധർമ്മ ശാസ്ത്ര പരമായി വേർതിരിക്കപ്പെട്ട ഗ്രൂപ്പുകൾ ആണെന്നു തോന്നുന്നു. അതുകൊണ്ടാണ് എത്ര ദശലക്ഷം വർഷങ്ങൾ അനുവദിച്ചാലും ഒരു പ്രാഥമിക തരത്തിൽ (Basic kind) നിന്നു മറ്റൊരു പ്രാഥമിക തരമുളവാകാത്തത്. ഈ ആശയത്തിൽ സൃഷ്ടിക്കപ്പെട്ട തരങ്ങൾ തമ്മിലുള്ള വിടവ് സൃഷ് ടിയുടെ പ്രാരംഭം മുതൽ തന്നെ ഒരു വാസ്തവമായി അവശേഷിക്കുകയാണ്.

പ്രത്യേക സൃഷ്ടിയെ സംബന്ധിച്ചുള്ള ലൂയി അഗാസിസിന്റെ (1807-73) വീക്ഷണവും ആധുനിക സങ്കൽപ്പങ്ങളിൽ നിന്നു വിഭിന്നമാണ്. മാമത്തു ഗുഹയിലെ അന്ധമത്സ്യങ്ങൾ (Blind fish) സൃഷ്ടികർത്താവിനാൽ സൃഷ്ടിക്കപ്പെട്ട് അവിടെ ആക്കപ്പെട്ടതാണ് എന്നായിരുന്നു അദ്ദേഹം വിശ്വസിച്ചിരുന്നത്. ഉല്പത്തിപ്പുസ്തക വിവരണത്തിന് സ്പീഷിസുകളെ ഈ വിധത്തിൽ സ്ഥീരികരിച്ചു പ്രസ്താവിച്ചിട്ടില്ല. ഒരു ജോഡി മനുഷ്യരിൽ നിന്ന് മാനവജാതി മുഴുവനും ഉത്ഭവിച്ചു എന്നു ബൈബിളിൽ പറയുമ്പോൾ, അതു യഹൂദനും, എത്യോപ്യനും തമ്മിലും സാധാരണക്കാരനും ഭീമകായന്മാരും തമ്മിലുള്ള വ്യത്യാസം അംഗീകരിക്കുകയും ചെയ്യുന്നു. അതതു തരത്തെ ഉല്പാദിപ്പിക്കുന്ന തരങ്ങളെപ്പറ്റി മാത്രമെ അതു പ്രസ്താവിക്കുന്നുള്ളു. എന്തുകൊണ്ടെന്നാൽ അതതിന്റെ വിത്ത് അതിൽ തന്നെയുണ്ടല്ലോ. വ്യതിയാനങ്ങൾ സംഭവിക്കുന്നുണ്ടെങ്കിലും അത്, അതതു തരത്തിനുള്ളിൽ തന്നെ നിഷ്കൃഷ്ടമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. ഈ വസ്തുതകളെ ഇപ്പോൾ പുരാജീവി വിജ്ഞാനീയവും, പാരമ്പര്യ ശാസ്ത്രവും (palaeontology and Genetics) പൂർണ്ണമായി പിൻതാങ്ങുന്നു. അതുകൊണ്ട് ആധുനിക ജീവശാസ്ത്രം ഉൽപ്പത്തി പുസ്തകത്തിലെ പ്രസ്താവനയെ സ്ഥീരീകരിക്കുകയാണ് ചെയ്യുന്നത്. (പരിണാമമോ സൃഷ്ടിയോ. പ്രൊഫ. എച്ച്. ഈ നോക്ക്, ന്യൂലൈഫ് പബ്: 1986 കൊച്ചി. പേ: 130 132) ചാൾസ് ഡാർവിൻ അവസാന കാലത്ത് തുറന്നു സമ്മതിച്ച ഒരു സത്യം നോക്കുക- " not one change of species into another is on record.. we cannot prove that a single species has changed (into another)"(Darwin Charles, My life and letters, vol:1, P-210)..

ചിന്താശകലം

# ഹാനോക്ക്

വിശ്വാസത്താൽ ഹാനോക്ക് മരണം കാണാതെ എടുക്കപ്പെട്ടു; ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി. അവൻ ദൈവത്തെ പ്രസാദിപ്പിച്ചു എന്ന് അവൻ എടുക്കപ്പെട്ടതിനു മുമ്പെ സാക്ഷ്യം പ്രാപിച്ചു (എബ്രാ. 11:5).

ആത്യന്തികമായി പറയുമ്പോൾ, ദൈവത്തോടൊപ്പം നടക്കുക എന്നതിനേക്കാൾ ഏറെ പ്രാധാന്യമർഹിക്കുന്ന യാതൊന്നുമില്ല. ബൈബിൾ പറയുന്നു: 'ഹാനോക്ക് ദൈവത്തെ പ്രസാദിപ്പിച്ചു.' ഹാനോക്കിനെക്കുറിച്ച് മറ്റ് അധികം കാര്യങ്ങൾ ഒന്നും തന്നെ അറിയില്ല. അവൻ എന്താണ് പ്രസ്താവിച്ചിരുന്നത്? അവന്റെ നേട്ടങ്ങൾ എന്തൊക്കെയാണ്? അവന്റെ വിനോദം എന്താണ്? ഇതൊന്നും ബൈബിളിൽ പറഞ്ഞിട്ടില്ല. എന്നാൽ അവനെക്കുറിച്ച് ബൈബിളിൽ ഒരു ചെറിയ സ്മരണികയുണ്ട്.

ഒരിക്കലും മരിക്കാത്ത രണ്ടു പേരിൽ ഒരാളാണ് ഹാനോക്ക്. മറ്റെയാൾ ഏലിയാവാണ്. ദൈവം നേരിട്ടു വന്ന് ഹാനോക്കിനെ കൂട്ടികൊണ്ടുപോയി. ഒരു ദിവസം ഹാനോക്കിന് ഉച്ചഭക്ഷണം കഴിക്കാൻ വീട്ടിലെത്താൻ കഴിഞ്ഞില്ല. "അപ്പൻ എവിടെ പോയിരിക്കുവാ? ഇതുവരെയും കണ്ടില്ലല്ലോ" തന്റെ മകനായ മെഥുശലേഹ് മറ്റുള്ളവരോട് പറഞ്ഞു. ആ വാർത്ത ഗ്രാമത്തിലാകമാനം പരന്നു,.....*ഹാനോക്കിനെ കാണ്മാനില്ല!*

'അവനെ കാണാതെയായി'! ഒരുകൂട്ടം ആളുകൾ അവനെ അന്വേഷിച്ചു നടന്നുവെന്നാണ് ഇതിന്റെ അർത്ഥം. ഹാനോക്ക് വ്യത്യസ്തനായിരുന്നു. അവൻ സമൂഹത്തിൽ ഒരു വലിയ വിടവ് അവശേഷിപ്പിച്ചു. അവൻ ദൈവത്തോടൊപ്പം നടന്നു.

ആർക്കും ദൈവത്തിനോടൊപ്പം നടക്കാൻ കഴിയും! ഒരുപക്ഷേ നിങ്ങൾ വിജ്ഞാന വിരോധക ചിന്താഗതിയിലായിരിക്കാം ജീവിക്കുന്നത്. ദൈവത്തിനൊപ്പം നടക്കുമ്പോൾ നിങ്ങൾ വാർത്താമാധ്യമങ്ങളിൽ സ്ഥാനം പിടിച്ചെന്ന് വരില്ല. പക്ഷേ നിങ്ങൾ ചുറ്റുമുള്ളവർക്ക് വളരെ പ്രാധാന്യം ഉള്ളവനായിരിക്കും. നീ പോകുമ്പോഴാണ് മറ്റുള്ളവർക്ക് നിന്നെ നഷ്ടമായെന്ന് തോന്നിത്തുടങ്ങുക.

ഹാനോക്ക് ദൈവത്തോടൊപ്പം നടന്നു. അതുകൊണ്ട് അവനെ കാണാതായി.

# നാം അധിവസിക്കുന്ന പ്രപഞ്ചം

റിച്ചാർഡ് ബ്യൂവ്സ്

**ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം 'ക്രിസ്തു ഉപേക്ഷിച്ച' ഒരു ലോകത്തെയല്ല, പ്രത്യുത 'ക്രിസ്തു നിറഞ്ഞ' ഒരു ലോകത്തെയാണ് കാണിക്കുന്നത്. ഒരു ഒറ്റ പ്രപഞ്ചമേ ഉള്ളൂ. അതിന്റെ വിശദീകരണവും ലക്ഷ്യവും ക്രിസ്തുവാണ്.**

സർവ്വവും സൃഷ്ടിച്ചനന്തരം "ദൈവം നല്ലതെന്ന് കണ്ടു."സൃഷ്ടികളിൻമേൽ ദൈവം തന്റെ അംഗീകാരം പതിപ്പിച്ചിരിക്കുന്നതാണ് ഈ തിരുവചന വാക്യത്തിൽ നാം കാണുന്നത്. അണ്ഡകടാഹങ്ങളെ സൃഷ്ടിച്ചനന്തരം അത് നല്ലതാണെന്ന് ദൈവം കണ്ടെത്തുകയായിരുന്നില്ല, പ്രത്യുത തന്റെ സൃഷ്ടി നല്ലതാണെന്ന് ദൈവം മനുഷ്യനെ പഠിപ്പിക്കുകയായിരുന്നു. ദൈവത്തെക്കാൾ ശ്രേഷ്ഠമായ ഒരു കാരണമോ, മികച്ച ഒരു ഉപകരണമോ, ഉന്നതനായ സൃഷ്ടി കർത്താവോ ഇല്ല. രഹസ്യങ്ങളുടെ ഉള്ളറയിലെത്തി ഉണ്മയായത് തിരിച്ചറിയുവാൻ വെമ്പുന്ന ജിജ്ഞാസുവായ മനുഷ്യൻ പ്രപഞ്ച നിഗൂഢതകളെക്കുറിച്ച് ചോദിക്കുന്ന ചോദ്യങ്ങൾക്ക് ദൈവം തിരുവചനത്തിലൂടെ നൽകുന്ന മറുപടികളാണ് ഈ പംക്തിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

സ്ഥലകാല ഭേദംകൂടാതെ മനുഷ്യൻ ചോദിക്കുന്ന ചോദ്യമാണ് അനേകം പ്രപഞ്ചങ്ങൾ ഉണ്ടോ എന്നത്. യേശു വലിയ ഒരു പ്രപഞ്ചത്തിന്റെ ഭാഗം മാത്രമാണോ എന്നതും മനുഷ്യന്റെ ഒരു ന്യായമായ ചോദ്യമാണ്.

ഈ ചോദ്യങ്ങളുടെ മറുപടി യേശുക്രിസ്തുവിന്റെ പ്രകൃതത്തിൽ തന്നെയാണ് കാണപ്പെടുന്നത്. നമ്മുടെ അസ്തിത്വത്തിന്റെ താക്കോൽ യേശുവിന്റെ കയ്യിലാണ്. ഈ ദിവ്യ ഉദ്ദേശ്യത്തെ വി. പൗലൊസ് ഇങ്ങനെ സംഗ്രഹിക്കുന്നു. "......സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ളതു എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായിച്ചേർക്ക......" (എഫെ.1-10).

എന്തുകൊണ്ടാണ് ഏകപ്രപഞ്ചം (universe)? ആനേക പ്രപഞ്ചങ്ങളുടെ (Multverses) ഒരു ശ്രേണി ഇല്ലാത്തത്? ക്രിസ്തു ഏകനാണ്; അവൻ എല്ലാറ്റിനെയും ഏകീകരിക്കുന്ന കാരണമാണ്. Unversity (സർവ്വകലാശാല) എന്ന പദത്തിന്റെ ഉത്ഭവം ഇതിനെ സംബന്ധിക്കുന്ന ദർശനം പ്രദാനം ചെയ്യുന്നുണ്ട്.

*University* (സർവ്വകലാശാല) എന്ന ആംഗലേയ പദം ലത്തീൻ ഭാഷയിൽ നിന്നാണ് നിഷ്പാദിപ്പിക്കപ്പെട്ടിരിക്കുന്നത്. ഇതിന്റെ അർത്ഥം 'ഏക സത്യം' എന്നാണ്. ലത്തീൻ ഭാഷയിൽ 'uni'എന്നാൽ 'ഏകം' എന്നും 'veritas' എന്നാൽ 'സത്യം'എന്നുമാണ് അർത്ഥം. തുടക്കത്തിൽ കലാലയങ്ങളിൽ എല്ലാ വിഷയങ്ങളും ഒന്നിച്ചായിരുന്നു പഠിപ്പിച്ചിരുന്നത്. ഊർജ്ജതന്ത്രവും, ഗണിതശാസ്ത്രവും, സംഗീതവും എല്ലാം ഒരുപുസ്തകത്തിലെ വ്യത്യസ്ത അദ്ധ്യായങ്ങൾ പോലെയായിരുന്നു. ഒരു പാത്രത്തിൽ മധുരമുള്ള കേക്ക് പലകഷണങ്ങളായി മുറിച്ചുവച്ചിരിക്കുന്നതു പോലെയായിരുന്നു ഒരു കലാശാലയിൽ പല വിഷയങ്ങൾ ഒരുമിച്ച് പഠിപ്പിച്ചിരുന്നത് എന്നു പറയാം.

എന്നാൽ അടുത്ത കാലത്തായി സത്യത്തിലുള്ള വിശ്വാസം ലോക വ്യാപകമായി നഷ്ടമായത്, വൈവിധ്യവും യോജിപ്പില്ലാത്തതുമായ അനേകം 'കഥകളുടെ' നിരന്തരം വളരുന്ന ഒരു ശേഖരം ഉണ്ടാകുന്നതിൽ കലാശിച്ചു.

എത്ര വ്യാഖ്യാതാക്കൾ ഉണ്ടായോ അത്രത്തോളം വ്യാഖ്യാനങ്ങളും ഉണ്ടായി! എത്ര കഥാകാരന്മാരുണ്ടായൊ അത്രത്തോളം കഥകളും ഉണ്ടായി! എത്ര പഠിതാക്കളുണ്ടായോ അത്രത്തോളം പാഠങ്ങളും ഉണ്ടായി!-'എന്റെ കഥ ' 'നിന്റെ'കഥ ,'അവരുടെ കഥ', 'മാർസിസ്റ്റുകളുടെ കഥ ', 'സ്ത്രീ വിമോചിതരുടെ കഥ'.

കലാലയ പഠനശാഖകൾ അമ്പരിപ്പിക്കുന്ന മാനങ്ങളിലേക്ക് വളർന്നു വ്യാപിച്ചു. ചില കായിക താരങ്ങളുടെ ജീവിതത്തെക്കുറിച്ചു പഠനം നടത്താൻ വേണ്ടിയുള്ള പഠനശാഖകൾപോലും ഇന്നത്തെ കലാലയങ്ങളിൽ ലഭ്യമാണ്. മറ്റെല്ലാത്തിനെയും വിവരിച്ചു തരാൻ കഴിയുന്ന ഏക സത്യമെന്ന-ഏകവ്യക്തി- അകൃത്യമായ ആശയം ബഹിഷ്ക്കരിക്കപ്പെട്ടു.

ഇതു പുതിയൊരു കാര്യമല്ല. ശിഥിലമാക്കപ്പെട്ട ലോക കാഴ്ചയെ ഭാവനയിൽ കണ്ടിട്ട് അപ്പൊസ്തലന്മാർ അതിനെതിരായി നിന്നു. അവരുടെ കാലത്തു തന്നെ ശിഥില ചിന്താഗതികൾ ഉണ്ടായിരുന്നു. ഗ്രീസിലെ ഡെൽഫി അരുളപ്പാടുകളും, ഈജിപ്ഷ്യൻ ദേവനായ ഇഡിസിന്റെയും ഏഷ്യൻ ദേവിയായ സൈബലിന്റെയും ആരാധനകളും, റോമക്കാരുടെ ജൂപിറ്ററും, യവനായരുടെ സ്യൂയിസും, സിറിയയിലെ ബാലുമെല്ലാം ഈ ശിഥിലമായ കാഴ്ചപ്പാടിന്റെ പ്രതീകങ്ങളാണ്. എന്നാൽ ഇവയെല്ലാം തകർന്നടിയേണ്ടിയിരുന്നു.

യേശുക്രിസ്തു എന്ന ദുത് വെളിവായപ്പോൾ- "അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ട് അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി, ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തെയും അവനെക്കൊണ്ടു തന്നോടു നിരപ്പിപ്പാനും പിതാവിനു പ്രസാദം തോന്നി" (കൊലൊ. 1:20) - നൂതനവും അഭൂതപൂർവ്വവും അപൂർവ്വവുമായ ചിന്തകളുടെ പൊരുത്തം ഉണ്ടാകാൻ തുടങ്ങി. രണ്ടാം നൂറ്റാണ്ടിലെ ക്രൈസ്തീയ നേതാവായ അഗസ്റ്റിൻ ഇങ്ങനെ എഴുതി: "പുൽത്തൊഴുത്തിലെ ഈ ശിശു ലോകത്തെ നിറയ്ക്കുന്നു".

വി. പൗലൊസ് അതിനെ നാടകീയമായി ഇങ്ങനെ രേഖപ്പെടുത്തിരിക്കുന്നു. "ഇറങ്ങിയവൻ സകലത്തെയും 'നിറയ്ക്കേണ്ടതിന്' സ്വർഗ്ഗാധി സ്വർഗ്ഗത്തിനു മിതെ കയറിയവനും ആകുന്നു" (എഫെ. 4:10). ക്രിസ്തുവിന്റെ നിയന്ത്രണാധികാരത്തിൽ നിന്ന് സ്വതന്ത്രമായ ഒരു ഭാഗവും ഈ പ്രപഞ്ചത്തിൽ ഇല്ല എന്നാണ് പൗലൊസ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. അതുകൊണ്ട് അന്യദേവന്മാർക്ക് ആർക്കും അവിടെ ഒരു സ്ഥാനവും ഇല്ല. യേശു എല്ലാ സ്ഥലത്തും നിറഞ്ഞു നിൽക്കുന്നു.

ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം 'ക്രിസ്തു ഉപേക്ഷിച്ച' ഒരു ലോകത്തെയല്ല, പ്രത്യുത 'ക്രിസ്തു നിറഞ്ഞ' ഒരു ലോകത്തെയാണ് കാണിക്കുന്നത്. ഒരു ഒറ്റ പ്രപഞ്ചമേ ഉള്ളൂ. അതിന്റെ വിശദീകരണവും ലക്ഷ്യവും ക്രിസ്തുവാണ്.

## കവിത

ലംഘനം മൂലം ദൈവത്തിൽ നിന്നും അകന്നു പോയ മനുഷ്യ വർഗ്ഗത്തെ രക്ഷിപ്പാൻ കർത്താവും രക്ഷിതാവുമായി വന്ന യേശുക്രിസ്തുവിന്റെ ജനന വൃത്താന്തമാണ് ഈ കവിത.



വി. ജെ. മാത്യൂസ്
(ന്യൂയോർക്ക്)

### യേശുവിന്റെ ജനനം

ദൈവത്തിൻ പുത്രനാം യേശു ധരണിയിൽ
കന്യകമേരി തൻ സൂനുവായി
ബേതലേം പട്ടണം തന്നിൽ പിറന്നതാം
വാർത്ത പരന്നിതു ലോകമെങ്ങും
ദൂരദേശേ നിന്നും താരകം ദർശിച്ചു
ദിവ്യശിശുവിനെ കാൺമതിനായ്
യാത്ര തിരിച്ചു സമ്മാന്യരാം മാഗരും
രക്ഷകൻ തൻ അവതാരമോർത്ത്
കീറ്റുതുണിയിൽ പൊതിഞ്ഞുകിടന്നൊരു
ദിവ്യശിശുവിനെ കാൺമതിനായ്
ദിവ്യശിശുവിനെ കണ്ടുകുമ്പിട്ടവർ
ഭക്തിപുരസ്ക്കരമാരാധിച്ചു
പൊന്നോടു കുന്തിരു മീറയും കാഴ്ചയായ്
അർപ്പിച്ചു മാഗർ തിരിച്ചു പോയി.
ദൂതരിൻ ഗാനങ്ങൾ കേട്ടജപാലകർ
ബേതലേം ഗോശാല തന്നിലെത്തി
ദൈവത്തിൻ പുത്രനെ കണ്ടുവണങ്ങീട്ട്
സന്തോഷമേറിത്തിരിച്ചു പോയി.
ദൈവിക ജ്ഞാനം നിറഞ്ഞേശുബാലകൻ
ദൈവാലയത്തിൽ കടന്നുപോയി
ദൈവിക കാര്യങ്ങൾ ശക്തമായ് വാദിച്ചു
ഘോഷിച്ചു വിദ്വജ്ജനങ്ങൾ മദ്ധ്യേ
മൂന്നുദശവർഷം പ്രായത്തിലേശുവും
യോർദ്ദാൻ നദീ സമീപത്തു വന്നു.
സ്നാപകയോഹന്നാൻ തന്നുടെ കൈക്കീഴിൽ
സ്നാനമേറ്റു മറ്റാളുകൾ പോൽ.

# ബൈബിൾ സ്കൂൾ നൽകുന്ന പാഠം



ജിജോ അങ്കമാലി

ബ്രദർ ജങ്ക് കുറിയന്നൂരിൽ ആരംഭിച്ചതാണ് കേരളത്തിലെ പ്രഥമ ബൈബിൾ സ്കൂളായി പരിഗണിച്ചുവരുന്നത്. അതിന്നില്ലെങ്കിലും അതേ തുടർന്ന് നിരവധി ഹ്രസ്വകാല കോഴ്സുകളും ദീർഘകാല സ്കൂളുകളും കലാലയങ്ങളും നമ്മുടെ മദ്ധ്യേ രൂപം കൊണ്ടു. വളർച്ച പ്രാപിച്ചു. ആദ്യകാല വിശ്വാസികൾ ബൈബിൾ സ്കൂൾ എന്ന ആശയത്തെ വേണ്ടും വിധം സ്വാഗതം ചെയ്കയോ, അംഗീകരിക്കയോ, പ്രോത്സാഹിപ്പിക്കയോ ചെയ്തിരുന്നില്ല. ആയതിന് ഉപോദ്ബലകമായി ഊക്കുള്ള കാരണങ്ങളും അവർക്ക് പറയാനുണ്ടായിരുന്നു.

എന്നാൽ ബൈബിൾ സ്കൂളിന്റെ ആവശ്യവും, അത്യാവശ്യവും, സ്വാധീനവും, ഫലവും കാലം തെളിയിച്ചു. ചരിത്രത്തിൽ വേരിറങ്ങി നിൽക്കുന്ന വടവൃക്ഷങ്ങളായ് അവ പടർന്ന് പന്തലിച്ചു. കൊച്ചു കേരളത്തിൽ മാത്രമല്ല മറ്റ് സംസ്ഥാനങ്ങളിലും അതാതു ഭാഷകളിൽ ബൈബിൾ സ്കൂൾ ആരംഭിക്കാനും, ആയത് പ്രാദേശികരെയും, മറ്റ് ഭാഷ സംസാരിക്കുന്നവരുടെ മദ്ധ്യേ പ്രവർത്തിക്കുന്നവരെയും വിദ്യാർത്ഥികളായ് സ്വീകരിച്ച് പ്രാദേശിക സുവിശേഷീകരണത്തിന്റെ മുന്നണി പോരാളികളായും, സഭയുടെ തൂണുകളായും പണിതുയർത്താൻ സംഗതിയാവുകയും ചെയ്തുവരുന്നു എന്നത് അഭിനന്ദനീയമാണ്. ആയതിനാൽ മധുര ബൈബിൾ സ്കൂളിന്റെ സ്ഥാനം, സ്ഥായിയായി മുന്നിൽ തന്നെ. ഭാവുകങ്ങൾ!

ബൈബിൾ സ്കൂളിനെ വിശകലനം ചെയ്ത് എന്തെങ്കിലും പറയുകയല്ല എന്റെ ലേഖനോദ്ദേശ്യം,പിന്നെയോ, ഇന്നത്തെ ബൈബിൾ സ്കൂളുകൾ നൽകുന്ന പാഠം ഉൾക്കൊണ്ട് ബൈബിൾ സ്കൂൾ പ്രവർത്തനം ആനിലയിൽത്തന്നെ തുടരുമ്പോൾ അവയെക്കൊണ്ട് സാധിച്ചെടുക്കുന്ന കാര്യങ്ങൾ എന്തുകൊണ്ട് സ്ഥലം സഭകൾക്ക് സാധിക്കുന്നില്ല എന്ന് ചിന്തിക്കുകയാണ്.

കാരണം, 6 മാസത്തെ, അല്ലെങ്കിൽ ഒരു വർഷത്തെ വേദപഠനം കഴിഞ്ഞെത്തുന്ന ഒരു വിദ്യാർത്ഥി പ്രശംസനീയമാം വിധം വേദപുസ്തക സംബന്ധമായ് അത്യാവശ്യം അറിവുള്ളവരായ് തീരുന്നു. അടിസ്ഥാന ഉപദേശങ്ങൾ മുതൽ സുവിശേഷ പ്രവർത്തന അഭ്യസനം വരെ നൽകി വേദവിജ്ഞാനികളും, പ്രവർത്തന തൽപരരുമാക്കി മെനഞ്ഞെടുക്കാൻ എന്നത്തെയും ബൈബിൾ സ്കൂളുകൾക്ക് ആകുന്നുണ്ട്.

എന്നാൽ ഇരുപതും, മുപ്പതും, നാല്പതും വർഷം ഒരു സ്ഥലം സഭയിൽ അംഗമായിരിക്കുന്ന വിശ്വാസികളിൽ പലരെ സംബന്ധിച്ചും ആറു മാസക്കാല വിദ്യാർത്ഥിയുടെ അത്രയും അറിവില്ലാത്തവരായി തീർന്നു പോകുന്നു എന്ന് പറയേണ്ടി വരുന്നത് ഖേദകരമല്ലേ? എന്തുകൊണ്ട് ഈ ഗതി വരുന്നു. കാരണമെന്ത്? പരിഹാരമെന്ത് ? നാം ശരിക്കും ചിന്തിക്കേണ്ട ചോദ്യങ്ങളാണ് ഇവയെല്ലാം.

വചനത്തിൽ വേരുറയ്ക്കാത്ത വിശ്വാസികളോ, സഭകളോ വളരുകയില്ല. ദുരുപദേശ കൊടുങ്കാറ്റുകൾ ആഞ്ഞടിക്കുമ്പോൾ കട പുഴകാതെ നിൽക്കണമെങ്കിൽ വചനത്തിലേക്കുള്ള വേരുകൾ താഴേക്കിറങ്ങണം. ആയതിനാവശ്യം ക്രമീകൃതമായ വേദപഠനമാണെന്നാണ് ഇന്നത്തെ ബൈബിൾ സ്കൂളുകൾ നമ്മോടു പറയുന്നത്.

മധുര ബൈബിൾ സ്കൂൾ സുവനീർ ലഭിക്കുന്ന വിലാസം:

Madurai Bible School
Bible Bhavan, P.O. Box No. 32,
By Pass Road, Madurai- 625 016

സംഭവകഥ:

# ശത്രുക്കളെ സ്നേഹിക്കുക

ഒരിക്കൽ തുർക്കികൾ അർമ്മിനിയ ആക്രമിച്ചു. അവർ പട്ടണങ്ങൾ കൊള്ളയടിച്ചു. ധാരാളം പേരെ കൊന്നു. അനേകം പേരെ അടിമകളാക്കി പിടിച്ചു കൊണ്ടുപോയി. അക്കൂട്ടത്തിൽ ഒരു ചെറുപ്പക്കാരിയെ അവരുടെ സൈന്യത്തലവന്റെ വീട്ടിലും അടിമയാക്കികൊണ്ടുവന്നു. അവർക്കു അവിടെ പലതരത്തിലുള്ള പീഡനങ്ങൾ അനുഭവിക്കേണ്ടിവന്നു.

അവൾ സൗകര്യം കിട്ടിയപ്പോൾ ഒളിച്ചോടി ബ്രട്ടീഷ് സൈനിക സങ്കേതത്തിലെത്തി. അവർ അവളെ നഴ്സിംഗ് പഠിപ്പിച്ചു. അവൾ മിലിട്ടറി നഴ്സായി. ആശുപത്രിയിൽ ധാരാളം മുറിവേറ്റ പടയാളികളെയും ഓഫീസർമാരെയും കൊണ്ടുവ ന്നു. അവർ തുർക്കികൾ ആയിരുന്നു.

മാരകമായി മുറിവേറ്റ ഒരു പട്ടാള ഓഫീസറെ ശുശ്രൂഷിക്കാൻ അവൾ പ്രത്യേകം താല്പര്യപ്പെട്ടു. അയാൾ സൗഖ്യം പ്രാപിച്ചു. അതു മുൻ പറഞ്ഞ പട്ടാള ഓഫീസറായിരുന്നു. അയാൾക്കു തന്നെ പരിചരിച്ച നഴ്സിനെ മനസ്സിലായി. അയാൾ ചോദിച്ചു: "നീ എന്തുകൊണ്ട് എന്നെ കൊന്നു കളഞ്ഞില്ല?" അവൾ മറുപടി പറഞ്ഞു. "തന്നെ ക്രൂശിൽ തറച്ചവർക്കു വേണ്ടി പ്രാർത്ഥിച്ച യേശു കർത്താവിന്റെ അടിമയായിപ്പോയതു കൊണ്ടുമാത്രം." ശത്രുക്കളെ സ്നേഹിക്കാനാണു യേശു എന്നെ പഠിപ്പിച്ചത്. ആ തുർക്കി പട്ടാള ഉദ്യോഗസ്ഥൻ യേശുവിനെ രക്ഷകനായി സ്വീകരിച്ചു.

# പാപികളുടെ രക്ഷകൻ



കെ. വി. സൈമൺ

പരശു കാമിനിവിന ആദിതളം

പല്ലവി

പാപികളിൻ രക്ഷകൻ താ – നിവൻ – പാദം വണങ്ങീടു നീ

ചരണങ്ങൾ

1. പാപശാപം തീർപ്പാൻ പാരിൽ ജനിച്ചോരു
   ദേവസുതനാകുമേശു നായകനിവനറിക – പാപി
2. ആദിവചനമായ് ഭേദമെന്യേനിന്നു
   മേദിനിയോടഖിലവും മോദമായ് ചമച്ചിതവൻ – പാപി
3. ആദിപിതാക്കൾക്കൊരേകശരണമായ്
   സാദരമായ് നിന്ന ദിവ്യദാന വസ്തുവായതിവൻ – പാപി
4. ദിവ്യബലികൾക്കൊരവ്യാജശക്തിയായ്
   ഭവ്യമായിരുന്ന നിത്യഹവ്യവസ്തുവായതിവൻ – പാപി
5. ക്രൂശിൽ മരിച്ചതാൽ നാശമൊഴിച്ചു ത –
   ന്നാശയം തെളിഞ്ഞുടൻ പ്രത്യാശയിൻ വഴി തുറന്നാൻ– പാപി
6. ജീവനിൽ പൂകേണ്ടവാതിലാം തന്നിലു –
   ടാവലായപ്പോർ ദിവ്യജീവനിൽ കടന്നിടന്നു പാപി

പാര്ു = ഭൂമി , മേദിനി = ഭൂമി , മോദം = സന്തോഷം , ശരണം = ആശ്രയം , അവ്യാജശക്തി = സത്യശക്തി ഹവ്യവസ്തു = യാഗവസ്തു , ആശയം = മനസ്സ് , ആവൽ = ദുഃഖം .

യേശുക്രിസ്തു പാപികളുടെ രക്ഷകനാണ്. അവന്റെ പാദം നീ വണങ്ങുക. പാപശാപം ഇല്ലാതാക്കുന്നതിനു ഭൂമിയിൽ ജനിച്ച ദൈവപുത്രനായ യേശു നാഥനാണിവൻ. ആദിവചനമായി യാതൊരു വ്യത്യാസവും കൂടാതെ സ്ഥിതി ചെയ്തു ഭൂമിയും അതോടുകൂടി സകലതും സന്തോഷത്തോടു നിർമ്മിച്ചത് ഇവനാണ്. ആദിപിതാക്കൾക്ക് ഏകാശ്രയമായി നിലകൊണ്ട ദാനവസ്തു ഇവനാണ്. ദിവ്യബലികൾക്കു യഥാർത്ഥശക്തിയായി വർത്തിച്ച യാഗവസ്തുവാണ് ഇവൻ. ക്രൂശിൽ മരിച്ചതിനാൽ നാശം ഇല്ലാതാക്കി തന്റെ മനസ്സു തെളിഞ്ഞു പ്രത്യാശയുടെ വഴി തുറന്നു തന്നു. ജീവനിലേക്കുള്ള വഴിയായ തന്നിലൂടെ ആവലോടെ പ്രവേശിക്കുന്നവൻ ദിവ്യജീവനിൽ കടക്കുന്നു

# ആത്മീയ ഗാനങ്ങൾ പുതിയ പതിപ്പ് പ്രസിദ്ധീകരിച്ചു

ഒരു ദൈവഭക്തന്റെ ആത്മീയ ദാഹത്തെ അലൗകിക ഗീതങ്ങളുടെ ചിറകിലേറ്റി സ്വർഗ്ഗീയ തേജസ്സിന്റെ അനന്ത വിഹായസ്സിലേക്ക് പറന്നുയരുവാൻ സഹായിക്കുന്ന പഴയതും പുതിയതുമായ തിരഞ്ഞെടുത്ത ആയിരത്തി ഒന്ന് പാട്ടുകളുടെ ആമൂല്യശേഖരം! ഇതിലെ പ്രശസ്തരായ ഗാനരചയിതാക്കളുടെ പേരും അവസാനപേജിൽ ചേർത്തിരിക്കുന്നത് ശ്രദ്ധേയമാണ്!

സത്യം പബ്ലിക്കേഷൻസ് തയ്യാറാക്കിയ ഈ പാട്ടുപുസ്തകത്തിന്റെ 10–ാ മത്തെ പതിപ്പാണ് ഇപ്പോൾ വിൽപ്പനയ്ക്ക് തയ്യാറാക്കിയിരിക്കുന്നത് . മുഖവില 100 രൂപ മാത്രം! സഭകൾക്ക് പ്രത്യക സൗജന്യ നിരക്കിൽ ലഭിക്കുന്നതാണ്. പുതുതായി ആരംഭിച്ച സഭകൾക്ക് സൗജന്യമായി ലഭിക്കും. ആവശ്യമുള്ള സഭകളുടെ ചുമതലപ്പെട്ടവർ സഭയുടെ ലെറ്റർ പാഡിൽ എഴുതുക. ബന്ധപ്പെടേണ്ട വിലാസം:
സത്യം പബ്ലിക്കേഷൻസ്
തോട്ടഭാഗം പി. ഒ.
തിരുവല്ല -689 541

## പ്രസംഗക്കുറിപ്പുകൾ — സി. വി. വടവന

# ക്രിസ്തു

| | |
|---|---|
| 1. ക്രിസ്തു ദൈവപുത്രൻ | ലൂക്കൊ. 3:22 |
| 2. ക്രിസ്തു മനുഷ്യപുത്രൻ | മത്താ. 16:27 |
| 3. ക്രിസ്തു അബ്രഹാമിന്റെ പുത്രൻ | ഗലാ. 3:16 |
| 4. ക്രിസ്തു ദാവീദിന്റെ പുത്രൻ | ലൂക്കൊ. 18:38 |
| 5. കല്ല് – നാം പണിയപ്പെട്ടിരിക്കുന്നു | 1 പത്രൊ. 2:5 |
| 6. അപ്പം – നാം പരിപുഷ്ടമാകുന്നു | യോഹ. 6:51 |
| 7. പുതുവഴി – നാം സമീപസ്ഥരാകുന്നു | എബ്രാ. 10:20 |
| 8. പുരോഹിതൻ – നാം അവൻ മുഖാന്തിരം ആരാധിക്കുന്നു. | എബ്രാ. 13:25 |
| 9. പ്രത്യാശ – നാം അവനായി കാത്തിരിക്കുന്നു | 1 പത്രൊ. 1:3 |

# സുവിശേഷ മഹായോഗം

**ഇഞ്ചക്കാട്:** കൊടകര ബ്രദറൺ ഗോസ്പൽ അസംബ്ലിയുടെ നേതൃത്വത്തിൽ 2008 ഡിസംബർ 23 ന് കൊടകര പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ സുവിശേഷ യോഗവും, സംഗീത വിരുന്നും ക്രമീകരിച്ചിരിക്കുന്നു. പ്രസ്തുത യോഗത്തിൽ ബ്രദർ ആർ. കൃഷ്ണൻകുട്ടി തിരുവട്ടാർ ദൈവവചനം പ്രസംഗിക്കും. ഈ സുവിശേഷ യോഗത്തെ ഓർത്ത് ദൈവജനം പ്രാർത്ഥിക്കുക.


സത്യം പബ്ലിക്കേഷൻസ്

# സങ്കീർത്തനഭാഷ്യം

**രണ്ടാം പതിപ്പ്**

**സങ്കീർത്തനങ്ങളുടെ സമ്പൂർണ്ണ ഭാഷ്യം**

**ഡോ. സി. വി. വടവന**

ഇപ്പോൾ

- 150 സങ്കീർത്തനങ്ങളുടെ വിശദമായ പഠനം
- വിശദമായ പശ്ചാത്തല പഠനം, എബ്രായ പദങ്ങളുടെ വിശദീകരണം, പ്രസംഗക്കുറിപ്പുകൾ
- പ്രസംഗത്തിനും വ്യക്തിപരമായ പഠനത്തിനും ധ്യാനത്തിനും അത്യുത്തമം
- 1080 പേജുകൾ



**Sathyam Publications**
Thottabhagom P.O.,
Thiruvalla - 689 541. Kerala, India.
Tel: 0469 2619657, 2619209, Fax: 2619005
Mob: 9447126182, 9446026182
E-mail: office@truthintl.org,
Website: www.truthintl.org

**വില: 250 രൂപ**


# പ്രാർത്ഥനയ്ക്ക്

**കോഴഞ്ചേരി:** സുവി. രാജൻ വി. തോമസ് പെട്ടെന്നുണ്ടായ ശ്വാസതടസ്സം മൂലം തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റലിൽ ചികിത്സാർത്ഥം പ്രവേശിക്കപ്പെട്ടു. വിശദമായ വൈദ്യ പരിശോധനയിൽ ഹൃദയഭിത്തിയ്ക്ക് കട്ടിക്കൂടുതൽ ഉള്ളതായി കണ്ടെത്തി. ഉടൻ തന്നെ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ തുടർന്നു ള്ള ചികിത്സയ്ക്കായി പ്രവേശിപ്പിക്കേണ്ടിയിരിക്കുന്നു. സഹോദരന്റെ പൂർണ്ണ സൗഖ്യത്തിനായും കോഴഞ്ചേരി ബിലീവേഴ്സ് ബ്രദറൺ അസംബ്ലിയുടെ പ്രവർനങ്ങൾക്കായും ദൈവജനം പ്രാർത്ഥിക്കുക.

# ഗ്രന്ഥലോകം

**1. പുതിയ നിയമ പഠന സഹായി:** പുതിയ നിയമ പഠനത്തെ സുഗമമാക്കുന്ന മലയാള ഗ്രന്ഥം
ഗ്രന്ഥകർത്താവ് : **റ്റി.കെ. ഏബ്രഹാം** വില : 180 രൂപ, 640 പേജുകൾ

2. **ബൈബിളിലെ പ്രാഥമിക പാഠങ്ങളും ക്രിസ്തീയ ശിഷ്യത്വവും**
ബൈബിളിലെ ഉപദേശ സത്യങ്ങളും പ്രയോഗിച്ച ഉപദേശങ്ങളും ലളിതമായ ഭാഷയിൽ വിവരിക്കപ്പെട്ടിരിക്കുന്ന ഗ്രന്ഥം
ഗ്രന്ഥകർത്താവ് : **റ്റി.കെ. ഏബ്രഹാം** വില ; 90 രൂപ, 168 പേജുകൾ
പ്രസാധകർ : **ഗ്രേയ്സ് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്**
പി.ബി. നമ്പർ 8, ഏറ്റുമാനൂർ – 686 631, കേരള, ഇന്ത്യ

**3. ആദിവാസികളുടെ അപ്പൊസ്തലൻ** ആന്ധ്രായിലെ സൊറ ആദിവാസികൾക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച സുവിശേഷകൻ നാരായൺ പോളിന്റെ ജീവചരിത്രം.
ഗ്രന്ഥകർത്ത്രി : **എൽസി ബേബി**, വില: 50/– രൂപ, 72 പേജുകൾ
പ്രസാധകർ: **FIBA**,P.O. box 661383, Bronx, New york 104 66

# അഭ്യർത്ഥന

**കോഴിക്കോട്:** ബ്രദ. വാസു ഡി. പോൾ ഹിന്ദു പശ്ചാത്തലത്തിൽ നിന്നും രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബൈബിൾ കോളേജ് പഠനം പൂർത്തീകരിച്ച് 2003 മുതൽ കോഴിക്കോട് ബ്രദറൺ അസംബ്ലീയോടു കുടുംബമായി ബന്ധപ്പെട്ട് കൂട്ടായ്മ ആചരിച്ചു മുൻപോട്ടു പോകുന്ന ദൈവ ദാസനാണ്. സഭയോടുള്ള ബന്ധത്തിൽ താൻ ഇപ്പോൾ വിവിധ നിലകളിൽ സുവിശേഷത്തിനു സാക്ഷ്യം വഹിക്കുന്നു. Y.M.E.F നോർത്ത് സൗത്ത് മേഖലാ ടീമിനോടു ചേർന്ന് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സുവിശേഷ പ്രവർത്തനം നടത്തിയിട്ടുണ്ട്. ഇപ്പോൾ താനൊരു പൂർണ്ണസമയ സുവിശേഷ പ്രവർത്തകനാണ്.

താൻ കോഴിക്കോട് പട്ടണത്തിലും പട്ടാമ്പിയിലും സമീപപ്രദേശങ്ങളിലുമുള്ള മറ്റു സുവശേഷകന്മാരൊടൊന്നിച്ചു സഹകരിച്ചു പ്രവർത്തിക്കന്നു. തന്റെ പ്രവർത്തനങ്ങൾ മുഖാന്തിരമായി പലരും രക്ഷിക്കപ്പെട്ടു സ്നാനമേറ്റു സഭയോടു ചേർന്നുകൊണ്ടിരിക്കുന്നു. പ്രവർത്തന വിശാലതയ്ക്കു വേണ്ടി ദൈവമക്കൾ പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യുവാൻ അഭ്യർത്ഥിക്കുന്നു.
ബന്ധപ്പെടേണ്ട വിലാസം :
Evg. Vasu D Paul A.R. , Apartment, 7/11-C , Eranthikkal P.O., Kozhikode - 673 303, South India , Ph. 0938740335, E -mai; Vd. paul @ yahoo.com

# ബ്രദറൺ സഭാ വാർത്തകൾ

## ഹെമ്മന്തൂർ കൺവൻഷൻ

**പുനലൂർ:** നടക്കുന്ന് ബ്രദറൺ അസംബ്ലിയുടെ നേതൃത്വത്തിൽ ഡിസംബർ 24 ബുധൻ മുതൽ 28 ഞായർ വരെ ഹെമന്തൂർ കൺവൻഷൻ നടത്തപ്പെടും. അസംബ്ലി ആഡിറ്റോറിയത്തിൽവച്ചായിരിക്കും കൺവൻഷൻ യോഗങ്ങൾ നടത്തപ്പെടുന്നത്. പ്രസ്തുത യോഗങ്ങളിൽ ബ്രദ. പി.ജി. ജെയിംസ്. ബ്രദ. വർഗ്ഗീസ് കുര്യൻ, ബ്രദ. ചാണ്ടപിള്ള ഫിലിപ്പ്, സുവി. എം. എം. സഖറിയ എന്നി കർത്തൃദാസന്മാർ ദേശത്തോട് തിരുവചനം അറിയിക്കും. എല്ലാ ദിവസവും ബ്രദ. ബിനു മാത്യു നയിക്കുന്ന ബൈബിൾ ക്ലാസ്സുകളും ഉണ്ടായിരിക്കും. കൺവൻഷന്റെ അനുഗ്രഹത്തിനായി ദൈവമക്കൾ പ്രാർത്ഥിക്കുക.

## കൊൽക്കത്തയിൽ കൺവൻഷൻ

**കൊൽക്കത്ത:** ഇവിടെയുള്ള ബ്രദറൺ അസംബ്ലികളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന കൊൽക്കത്ത കൺവെൻഷൻ ഡിസംബർ 18 – ന് ആരംഭിക്കും. നാലു ദിവസം നീണ്ടു നിൽക്കുന്ന കൺവൻഷൻ 21–ന് സമാപിക്കും. ബ്രദ. ജോർജ്ജ് ഡൗസൻ, ബ്രദ. ഷാലു. റ്റി. നൈനാൻ. ബ്രദ. എബ്രഹാം ചമ്പോല എന്നീ കർത്തൃ ദാസന്മാർ സുവിശേഷ യോഗങ്ങളിൽ മുഖ്യമായും വചന സന്ദേശം അറിയിക്കും. കൊൽക്കത്തയിലെ സഭകൾക്കും ദേശനിവാസികൾക്കും ഈ വർഷത്തെ കൺവൻഷൻ അത്യന്തം അനുഗ്രഹമാകേണ്ടതിന് ദൈവജനം പ്രാർത്ഥിക്കുക.

## നിര്യാതരായി

**കുമ്പനാട്:** ഇളപ്പുങ്കൽ മാത്യൂസ് പി. ഏബ്രഹാം (59) നിര്യാതനായി. സംസ്കാരം കുമ്പനാട് ബ്രദറൺ സഭാ സെമിത്തേരിയിൽ നടത്തപ്പെട്ടു. ഭാര്യ നിർമ്മല മാത്യൂസ്. മക്കൾ: ജിജോ പി. മാത്യൂസ്, (കുവൈത്ത്), അഡ്വ. രാജി പി. മാത്യൂസ് , ജോജോ, ജിജി.





**അങ്കമാലി:** ഇടശ്ശേരി വീട്ടിൽ പരേതനായ ഈ. പി. തര്യന്റെ ഭാര്യ ഗ്രേസി തര്യൻ (73 വയസ്സ്) നിര്യാതയായി. പരേത പുനലൂർ നേടുംതോട്ടത്തിൽ പരേതനായ ഉണ്ണി ഉപദേശിയുടെ മകളാണ്. മൃതദേഹം അങ്കമാലി റെയിൽവേ സ്റ്റേഷനു സമീപമുള്ള ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു.

**കളത്തിപ്പടി:** കോട്ടേക്കണ്ടത്തിൽ പരേതനായ ചാക്കോയുടെ മകൻ ബിനു കെ. ചാക്കോ (42) നിര്യാതനായി. സംസ്കാരം കോട്ടയം ബ്രദറൺ സഭയുടെ മാങ്ങാനം സെമിത്തേരിയിൽ നടത്തി.

## സുവിശേഷകൻ ബാലസംഘം

**ആലപ്പുഴ:** സുവിശേഷകൻ ബാലസംഘം മാസം തോറും നടത്തി വരുന്ന പ്രാർത്ഥനാ കൂടിവരവ്, ദക്ഷിണ മേഖലയുടെ ചുമതലയിൽ ഡിസംബർ 19 വെള്ളിയാഴ്ച വൈകുന്നേരം 6. 30 – ന് ആലപ്പുഴ, പറവൂർ ജംഗ്ഷനിലുള്ള പുന്നപ്ര ബ്രദറൺ സഭാ ഹാളിൽ നടത്തപ്പെടും. എല്ലാ ബാലസംഘം പ്രവർത്തകരും പ്രാർത്ഥനാപൂർവ്വം കടന്നു വരുക. ബന്ധപ്പെടുക:
ബിജു വർഗ്ഗീസ്
ദക്ഷിണ മേഖല സെക്രട്ടറി
Phone 9744521374

## യുവജന ക്യാമ്പ്

**കുർനൂൾ:** ആന്ധ്രാപ്രദേശിലെ ബ്രദറൺ സഭകളിലുള്ള യുവജനങ്ങളുടെ ആത്മീയ വളർച്ചയെ ലക്ഷ്യമാക്കി സംഘടിപ്പിക്കപ്പെടുന്ന യൂത്ത് ക്യാമ്പ് YESCA ടീമിന്റെ ആഭിമുഖ്യത്തിൽ കുർനൂൾ സിറ്റിയിലുള്ള ജീവസുധാ സെന്ററിൽ 2009 ജനുവരി 10 – ശനി മുതൽ 14 ബുധൻ വരെ നടത്തപ്പെടും. ഉപഭോക്തൃസംസ്കാരവും, ആഗോളവത്ക്കരണവും, ഉത്തരാധുനിക ചിന്താഗതിയും യുവതലമുറയെ വർദ്ധമാനമായ തോതിൽ സ്വാധിനിക്കുന്ന പശ്ചാത്തലത്തിൽ ദൈവവചനത്തിലധിഷ്ഠിതമായ ജീവിത വീക്ഷണം ഇന്നത്തെ ക്രൈസ്തവ യുവജനതയുടെ അടിസ്ഥാന ആവശ്യമാണ്. ക്രൈസ്തവ മൂല്യബോധമുള്ള യുവജനങ്ങളെ വാർത്തെടുക്കുക എന്നതാണ് YESCA യുടെ ലക്ഷ്യം. ബ്രദ. എം.സി. ന്യൂട്ടൺ ബോസ് (നർസപ്പൂർ), ബ്രദ.എം.ആർ പോൾസൺ, ബ്രദ.ജോൺ മോസസ്, (കുർനൂൾ) എന്നിവർ ക്യാമ്പിൽ മുഖ്യമായി തിരുവചനഘോഷണം നടത്തും. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:
YESCA TEAM,
DANIEL PURAM, NANDIKTOKUR-518401. A.P. TEL: 919885489244.

## ബിലീവേഴ്സ് ബ്രദറൺ അസംബ്ലി

**കോഴഞ്ചേരി:** കോഴഞ്ചേരി സെന്റ് തോമസ് കോളജിന് സമീപം പാലയ്ക്കത്തറയിൽ ബിൽഡിംഗിലെ വാടക മുറിയിൽ 2004 മുതൽ ഒരു സഭാകൂടിവരവ് നടന്നു വരുന്നു. സുവിശേഷകൻ രാജൻ വി. തോമസ് ഇവിടെ പ്രവർത്തിച്ചു വരുന്നു. കോഴഞ്ചേരിയിൽ ജോലിയോടും പഠനത്തോടുമുള്ള ബന്ധത്തിൽ താമസിക്കുന്ന സഹോദരിസഹോദരന്മാർക്ക് ഇവിടെയുള്ള ആരാധനകളിൽ കടന്നുവന്ന് സംബന്ധിക്കുന്നതിന് സ്വാതന്ത്ര്യമുണ്ട്. സഭാ പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.
വിലാസം:
സുവി. രാജൻ വി. തോമസ്
പോസ്റ്റ് ബാഗ് നമ്പർ – 4
കോഴഞ്ചേരി 689 641,
പത്തനംതിട്ട
ഫോൺ 9947120181

**ജീവവചനം ഒരു ശുശ്രൂഷയാണ് പ്രാർത്ഥന ആവശ്യം**

## ബൈബിൾ ക്യാമ്പ് 2008

**തിരുനൽവേലി:** ദക്ഷിണ തമിഴ്നാട് ക്രിസ്ത്യൻ ബ്രദറൺ അസംബ്ലികളുടെ വാർഷിക സമ്മേളനവും പ്രത്യേക ബൈബിൾ ക്യാമ്പും 2008 ഡിസംബർ 20 മുതൽ 28 വരെ തിരുനൽവേലിയിലെ കൊർത്താലമിലുള്ള കലൈവന്നൂർ ആഡിറ്റോറിയത്തിൽവച്ച് നടത്തപ്പെടും. ശിവകാശി സച്ചിയപുരത്തുള്ള ക്രിസ്ത്യൻ അസംബ്ലിയാണ് ഈ വർഷത്തെ ക്യാമ്പ് സംഘടിപ്പിക്കുന്നത്. ബ്രദ. കെ. സി. അങ്, ബ്രദ. പെനാങ് (മലേഷ്യ), ബ്രദ. ജോൺ കൃപാകരൻ (തൃച്ചി) എന്നിവർ ക്യാമ്പിൽ മുഖ്യ പ്രഭാഷണം നടത്തും. കോയമ്പത്തൂരുള്ള ബ്രദ. ജയകുമാർ നല്ല തമ്പിയും സംഘവും കുട്ടികൾക്കും, യുവ ജനങ്ങൾക്കും വേണ്ടി ശുശ്രൂഷ നിർവ്വഹിക്കും. ക്യാമ്പിൽ മലേഷ്യയിൽ നിന്നുള്ള സഹോദരിമാർ കൊച്ചുകുട്ടികൾക്കു വേണ്ടി പ്രത്യേക പരിപാടികൾ നടത്തും. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:
ബ്രദ. ജയപാൽ രത്നം.
Mob. 09443178660.

## വൈ.എം.ഇ.എഫ്. ഹൈറേഞ്ച് ഡിവിഷന്റെ ഭാവി പരിപാടികൾ

**ഇടുക്കി: സഭാസ്ഥാപനം:** അടിമാലിക്കടുത്ത് പണിക്കൻകുടി കേന്ദ്രമാക്കി പുതിയ കൂടിവരവ് ലക്ഷ്യമാക്കി ഒരു വർഷമായി പ്രവർത്തനം നടന്നു വരുന്നു.
**സുവിശേഷ ക്യാമ്പുകൾ:** കമ്പംമെട്ട് 2008 ഡിസംബർ 18,19,21; പശുപ്പാറ 2009 ഫെബ്രുവരി 4,5,6; കുളമാവ് 2009 മെയ് 21, 22, 23; സൂര്യനെല്ലി 2009 ആഗസ്റ്റ് 26, 27, 28; പണിക്കൻകുടി 2009 നവംബർ 18, 19, 20 തീയതികളിൽ.
**തമിഴ്നാട് ഗ്രാമ സുവിശേഷീകരണം:** 2009 ജനുവരി 14, 15, 16; 2009 ജൂലൈ 22, 23, 24; 2009 സെപ്റ്റംബർ 28, 29, 30 തീയതികളിൽ.
**ഏകദിന പ്രവർത്തനം:** ചക്കിമാലി 2009 മാർച്ച് 9, മന്നാകുടി 2009 ഒക്ടോബർ 28 തീയതി.
**തോട്ടം മേഖല പ്രവർത്തനം:** മൂന്നാർ മറയൂർ 2009 ഏപ്രിൽ 22, 23, 24 തീയതികളിൽ.
**ഏകദിന സെമിനാർ:** ബാലഗ്രാം അസംബ്ലി ഹാൾ – 2009 ജൂൺ 27, ഇടുക്കി അസംബ്ലി ഹാൾ – 2009 ജൂലൈ 21
**ഹൈറേഞ്ച് ബിലിവേഴ്സ് കോൺഫറൻസ്:** കട്ടപ്പന 2009 ഡിസംബർ 24, 25, 26 തീയതികളിൽ.
ദൈവമക്കൾ പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യുവാൻ അഭ്യർത്ഥിക്കുന്നു.
നിങ്ങളുടെ സംഭാവനകൾ
S.B.I. Kattappana,
A/c. No. 10415744173,
M.K. Joe;, Mecheril House,
Kattappana South P.O., Idukki - 685 515 എന്ന വിലാസത്തിൽ അയയ്ക്കുക. !!!

## സുവിശേഷ വേലയ്ക്ക് അവസരം

**കൊടുങ്ങല്ലൂർ:** ഇവിടെ കാര എന്ന സ്ഥലത്ത് പ്രവർത്തിക്കുവാൻ സമർപ്പണമുള്ള ഒരു യുവസുവിശേഷകനെ ആവശ്യമുണ്ട്. താല്പര്യമുള്ള ദൈവദാസന്മാർ ബന്ധപ്പെടുക.
വിലാസം: **കെ.എൻ പങ്കജാക്ഷൻ, കാരയിൽ ഹൗസ്, പി. ഒ. കാര 680 671, കൊടുങ്ങല്ലൂർ, തൃശ്ശൂർ**

## സുവിശേഷ ക്യാമ്പും കൺവൻഷനും

**കൊല്ലം:** മൈനാഗപ്പള്ളി സീയോൻ ബ്രദറൺ സഭയുടെ പ്രവർത്തനങ്ങൾ അനുഗ്രഹമായി നടന്നുകൊണ്ടിരിക്കുന്നു. സുവിശേഷ പ്രവർത്തനങ്ങളുടെ ഭാഗമായി രെഹബോത്ത് തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിലും മൈനാഗപ്പള്ളി ബ്രദറൺ സഭയുടെ സഹകരണത്തിലും സുവിശേഷ ക്യാമ്പും കൺവൻഷനും 2008 ഡിസംബർ 26, 27, 28 തീയതികളിൽ സഭാഹാളിന്റെ അങ്കണത്തിൽ വെച്ച് നടത്തപ്പെടും. ഈ ദിവസങ്ങളിൽ നടക്കുന്ന രാത്രി യോഗങ്ങളിൽ ബ്രദ. പി.എം. മാത്തുക്കുട്ടി (ബാംഗ്ലൂർ), ഡോ. കെ.സി. ജോൺസൺ (മാവേലിക്കര), ബ്രദർ ബിജു. കെ. അലാഡി (രെഹബോത്ത് തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്) എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നതാണ്. RTI ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കും. പ്രസ്തുതയോഗങ്ങളെ ഓർത്ത് പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യുക. വിലാസം:
Zion Brethren Assembly
Thottumugham,
Mynagappally, Kollam 690 519

## ബഥനി മേഴ്സി ഹോം

**റ്റാറ്റാ നഗർ:** 2006–ൽ ആരംഭിച്ച മേഴ്സി ഹോമിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹമായി നടന്നുവരുന്നു. ഇപ്പോൾ ഇവിടെ 29 വിദ്യാർത്ഥികൾ താമസിക്കുന്നുണ്ട്. അടുത്തിടെ നേപ്പാളിൽ നിന്നും ചില കുട്ടികൾക്കൂടി ഇവിടെ പ്രവേശിക്കപ്പെട്ടിട്ടുണ്ട്. ഈ ശുശ്രൂഷ ഇവിടെയുള്ള ദരിദ്രരായ വിശ്വാസികൾക്ക് ഒരു വലിയ ആശ്വാസവും കൈത്താങ്ങലുമാണ്. മേഴ്സി ഹോം ഇവിടെയുള്ള കുട്ടികൾക്ക് ഏറ്റവും നല്ല ആത്മീയ അന്തരീക്ഷം ഒരുക്കി കൊടുക്കുന്നു വെന്ന് മാത്രമല്ല, അവർക്ക് ഏറ്റ വും നല്ല പഠന സാഹചര്യങ്ങളും നൽകുന്നുണ്ട്. ഈ ശുശ്രൂഷയിൽ വിശ്വാസികളുടെ പങ്കാളിത്തവും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു. ബന്ധപ്പെടുക–
Evg. SKARIAH P.M,
BETHANY MERCY HOME,
KITADIH.
TATANAGAR,831002.
JHARKHAND


**WANTED**

Applications are invited from Trained Graduate Teachers, who are international-minded, creative in student - centered teaching, and Bible oriented. Good command over English and excellent communication skills are a must. Send your C.V to:
The Administrator.
The Rehoboth International School,
Nellikunnu,
Trissur- 680005
Tel: 0487- 242533
Mob. 9249527771

November 29 2008

REGISTERED
Reg. No. 2893/86/M7
Postal Reg. No.
KL / TLA / 89 / 2006 -2008
Licence to post without
prepayment Licence No.
L/ KL / TL A/ PP / 4

# JEEVA VACHANAM
*Fortnightly*

നിന്റെ വചനം എന്റെ കാലിന് ദീപവും എന്റെ പാതയ്ക്ക് പ്രകാശവും ആകുന്നു (സങ്കീർത്തനം 119:105)

JEEVA VACHANAM
SATHYAM MINISTRIES
THOTTABHAGOM P.O.,
THIRUVALLA-689 541, KERALA(S) INDIA
Tele/Fax 0469-2619209, 2619005, 2619657
Mobile: 9447126182, 9446026182
E-mail: office@truthintl.org
web site: www.truthintl.org

## മണർകാട് കൺവൻഷൻ

**കോട്ടയം:** മണർകാട് പ്രദേശത്തുള്ള ബ്രദറൺ സഭകളുടെ സംയുക്ത ആഭിമുഖ്യത്തിലുള്ള മണർകാട് കൺവൻഷൻ 2009 ജനുവരി 22, 23, 24, 25 എന്നീ തീയതികളിൽ എല്ലാ ദിവസവും വൈകുന്നേരം 5.30 മുതൽ 8.30 വരെ മണർകാട് ജംഗ്ഷനു സമീപമുള്ള തൊട്ടിയിൽ മൈതാനത്തുവച്ചു നടത്തപ്പെടും.

ഡോ. ഒ. എം. ശാമുവേൽ (പത്തനംതിട്ട, സുവി. വി. ജെ. മാത്യു (മലപ്പുറം), സുവി. ചാണ്ടപ്പിള്ള ഫിലിപ്പ് (ഇടുക്കി), സുവി. വറുഗീസ് കുര്യൻ (പാമ്പാടി), സുവി. ജോൺ ഫിലിപ്പ് (മണിപ്പാൽ) എന്നീ കർത്തൃ ദാസന്മാർ സുവിശേഷ യോഗത്തിൽ ദൈവവചനം പ്രഘോഷിക്കും.

ഇതിനോടനുബന്ധിച്ചു നടത്തു ന്ന സംഗീത വിരുന്നിൽ ബ്രദ. ജെയിംസ് ജോൺ കോട്ടപ്പള്ളിയും, ബ്രദ. ജോൺസൺ പെരുമ്പാവൂരും സംഗീത ശുശ്രൂഷകൾക്ക് നേതൃത്വം നല്കും. കൂടാതെ ആരാധന, കുടുംബ സംഗമം, സോദരീ സമ്മേളനം യൂത്ത് മീറ്റിംഗ്, കുട്ടികളുടെ മീറ്റിംഗ്, എന്നിവയും ക്രമീകരിച്ചിട്ടുണ്ട്. എല്ലാ ശുശ്രൂഷകളുടെയും അനുഗ്രഹകരമായ നടത്തിപ്പിനായി ദൈവജനം പ്രാർത്ഥിക്കുക. വിലാസം: Evg. E.C. John Edakulam, Rubber Board P.O. Kottayam 686009, Mob. 9048862887




## സുവിശേഷകൻ ബാലസംഘം മലബാർ ക്യാമ്പ്

**സുൽത്താൻ ബത്തേരി:** സുവിശേഷകൻ ബാലസംഘം മലബാർ മേഖലയുടെ ഈ വർഷത്തെ ക്യാമ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയാകുന്നു. സുൽത്താൻ ബത്തേരി ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂളിൽ നടത്തപ്പെടുന്ന ക്യാമ്പ് 2008 ഡിസംബർ 22 – ന് ആരംഭിക്കും. നാലു ദിവസത്തേക്ക് ക്രമീകരിച്ചിരിക്കുന്ന ക്യാമ്പിന് 25–ാം തീയതി സമാപനമാകും. കഴിഞ്ഞ വർഷത്തേക്കാൾ വിപുലമായ ക്രമീകരണങ്ങളാണ് ഈ പ്രാവശ്യം ഒരുക്കിയിരിക്കുന്നത്. ഈ വർഷം കൂടുതൽ കുട്ടികൾ ക്യാമ്പിൽ പങ്കാളികളാകുമെന്നാണ് സംഘാടകരുടെ പ്രതീക്ഷ. “വിജയകരമായ ക്രിസ്തീയ ജീവിതം”എന്നതാണ് ഈ വർഷത്തെ ക്യാമ്പ് തീം.

പ്രൊഫ. പി. പി. സ്കറിയ (വയനാട്), എബ്രഹാം തോമസ് (കൊച്ചി), കെ.വി. മാത്യു (മണ്ണാറത്തറ), ജോയി ഗോഡ്സൺ വാലേയിൽ (വയനാട്) എന്നിവരുടെ നേതൃത്വത്തിൽ ക്യാമ്പിൽ വിവിധ ശുശ്രൂഷകൾ നടത്തപ്പെടും

### വിചാരം

## ത്യാഗപൂർണ്ണമായ വിശ്വാസം


ഡോ. സി. വി. വടവന

**തീ**പ്പൊരി പ്രവാചകനായ ഏലീയാ നാല്പതു ദിവസം തുടർച്ചയായി നടന്നു ഹൊരേബു മലയിലെത്തി. അവിടെ ഒരു ഗുഹയിൽ അദ്ദേഹം വസിച്ചു. ധ്യാനനിമഗ്നനായിരുന്ന പ്രവാചകന്റെ കർണ്ണപുടത്തിൽ ഒരു അശരീരി പതിച്ചു. ഏലീയാ നീ ഇവിടെ എന്തു ചെയ്യുന്നു?

ഏലീയാ മറുപടി പറഞ്ഞു: സൈന്യങ്ങളുടെ ദൈവമായ കർത്താവിനെ പ്രതിയുള്ള തീക്ഷ്ണതയിൽ ഞാൻ കത്തിയെരിയുന്നു.

ഉജ്ജ്വലമായ ഈശ്വര വിശ്വാസത്തിന്റെ ജീവൽസ്ഫുലിംഗങ്ങളാണ് പ്രവാചകന്റെ വാക്കുകളിൽ തിളങ്ങി നിന്നത്.

ഈശ്വരനെ നിഷേധിക്കുകയോ മതവിശ്വാസം എന്ന പുറംകുപ്പായം മാത്രമണിഞ്ഞ് ജീവിതം ഈശ്വര നിഷേധത്തിന്റെ സാധനപാഠമാക്കുകയോ ചെയ്യുന്ന ആധുനിക മനുഷ്യന് സജീവമായ വിശ്വാസത്തിന്റെ ദീപ്തി കണ്ടെത്താനാവില്ല.

അപ്പോക്രിഫാ ഗ്രന്ഥത്തിൽ ഒരു ഭാഗത്തു കറയറ്റ ഈശ്വരവിശ്വാസത്തിന്റെ അഗ്നിസ്ഫുലിംഗങ്ങൾ പാറി നില്ക്കുന്നതു കാണാം. ദൈവനിന്ദകനായ അന്തിയോക്കസ് രാജാവ് ഒരമ്മയേയും ഏഴുമക്കളേയും ക്രൂരമായി പീഡിപ്പിച്ച സംഭവം മക്കബായക്കാരുടെ ഗ്രന്ഥത്തിൽ കാണുന്നു. ഈശ്വര വിശ്വാസം പരിത്യജിക്കുവാൻ രാജാവ് കല്പിച്ചപ്പോൾ ആ അമ്മയും പുത്രന്മാരും അതിനു വശംവദരായില്ല. ക്രൂരമർദ്ദനങ്ങൾ അവർക്കെതിരെ രാജാവ് അഴിച്ചുവിട്ടു. അതു കണ്ട് ശ്രേഷ്ഠമായ വിശ്വാസ ദാർഢ്യത്തോടും സ്ത്രീ സഹജമായ വിവേചനാ ബുദ്ധിയോടും പുരുഷോചിതമായ ധീരതയോടും കൂടി സ്വന്തമക്കളെ ധൈര്യപ്പെടുത്തി ആ മാതാവു പറഞ്ഞു:

‘നിങ്ങൾ എന്റെ ഉദരത്തിൽ എങ്ങനെ രൂപം കൊണ്ടുവെന്ന് എനിക്കറിയില്ല. നിങ്ങൾക്കു ജീവനും ശ്വാസവും നൽകിയതും നിങ്ങളുടെ അവയവങ്ങൾ വാർത്തെടുത്തതും ഞാനല്ല. മനുഷ്യനെ ഉരുവാക്കുകയും എല്ലാറ്റിന്റെയും ആരംഭം ഒരുക്കയും ചെയ്ത സ്രഷ്ടാവ്, തന്റെ നിയമത്തെ പ്രതി നിങ്ങൾ നിങ്ങളെത്തന്നെ വിസ്മരിക്കുന്നതു കൊണ്ട് കരുണാപൂർവ്വം നിങ്ങൾക്ക് ജീവനും ശ്വാസവും നൽകും.’

എത്ര സജീവമായ ഈശ്വര വിശ്വാസത്തിന്റെ ദീപ്തിയാണ് ആ മാതാവിന്റെ വാക്കുകളിൽ നാം കാണുന്നത്. ദൈവം ജീവന്റെ അധിനാഥനാണ്. അവിടുത്തേക്കു വേണ്ടി നാം ചെയ്യുന്ന ത്യാഗങ്ങൾ ഒരിക്കലും വെറുതെയാവില്ല. ജീവിതത്തിലെ ഏതു കഷ്ട നഷ്ടങ്ങളും തരണം ചെയ്യുവാൻ ഈശ്വരൻ തന്നോടു കൂടി ഉണ്ടെങ്കിൽ തനിക്കു കഴിയും എന്ന് ഈശ്വര വിശ്വാസി ഉറച്ചു വിശ്വസിക്കുന്നു. അതുകൊണ്ട് ഉറച്ച ദൈവ വിശ്വാസം പുലർത്തുന്നവനെ ഉത്കണ്ഠയും വ്യഥകളും കീഴടക്കുന്നില്ല. താൻ ആശ്രയം വച്ചിട്ടുള്ള ശക്തികേന്ദ്രം ഈശ്വരനാണെന്നും അവിടുത്തേക്ക് അസാദ്ധ്യമായി യാതൊന്നും ഇല്ലെന്നും അവനറിയാം.

മനുഷ്യന് ലോകത്തിൽ നേരിടാവുന്നതിൽ ഏറ്റവും വലിയ വ്യഥ മരണത്തിന്റേതാണ്. മരണത്തേക്കാൾ വലിയ നഷ്ടം മറ്റൊന്നില്ലല്ലോ. എന്നാൽ ഈശ്വരനിൽ അടിയുറച്ചു വിശ്വസിക്കുന്നവൻ മരണത്തെയും ഭയപ്പെടേണ്ടതില്ല. സങ്കീർത്തനകാരന്റെ വാക്കുകൾ പകർത്തട്ടെ. “ധാന്യത്തിന്റെയും വീഞ്ഞിന്റെയും സമൃദ്ധിയിൽ മറ്റുള്ളവർക്കുണ്ടായ ആനന്ദത്തെക്കാൾ വലിയ ആനന്ദം ദൈവമേ അങ്ങെന്റെ ഹൃദയത്തിൽ നിക്ഷേപിച്ചിരിക്കുന്നു. ഞാൻ പ്രശാന്തനായി കിടന്നുറങ്ങും. എന്തു കൊണ്ടെന്നാൽ കർത്താവേ അങ്ങുതന്നെയാണ് എനിക്കു സുരക്ഷിതത്വം പ്രദാനം ചെയ്തിരിക്കുന്നത്”(സങ്കീ. 4:7).

പുതിയ വർഷത്തിൽ പുത്തനുണർവ്വുമായി കർമ്മരംഗത്തിറങ്ങണമെങ്കിൽ ത്യാഗത്തിന്റെ മൂർത്തിഭാവമായ സാക്ഷാൽ ക്രിസ്തു നാഥനെ ഹൃദയത്തിലേറ്റണം. കുരിശിന്റെ വഴിയിൽ നടക്കുന്നവർക്കേ സ്വർഗ്ഗം തീർക്കാൻ കെല്പ്പുണ്ടാവുകയുള്ളൂ. ആണ്ടിന്റെ അവസാനം നടത്തുന്ന വ്യഥാപ്രതിജ്ഞകൾ നിഷ്ഫലമാകുന്നതിനു നിദാനം പലപ്പോഴും ത്യാഗം ആവശ്യപ്പെടുന്നിടത്തുനിന്നും ഓടിയൊളിക്കുന്നതുകൊണ്ടാണ്. വായ്തോരാതെ പ്രസംഗിക്കുന്ന തത്വശാസ്ത്രം പ്രാവർത്തികമാക്കാൻ ശ്രമിച്ചാൽ നമ്മുടെ സഭയും സമൂഹവും ഒരു പുത്തനുണർവ്വിനും ഉന്മേഷത്തിനും നിദാനമാകും തീർച്ച.

ഏലീയാ പ്രവാചകന്റെ ദൗത്യ നിർവ്വഹണം പോലെ ചൂടുപിടിച്ച കാര്യനിരത പുതുവർഷത്തിൽ നമുക്കുണ്ടായാൽ നന്നാണ്. ത്യാഗം വരിച്ച് മനുഷ്യകുലത്തിന്റെ രക്ഷ കൈവരിച്ച ഈശോ നാഥന്റെ പിൻഗാമികൾ സുഖലോലുപതയുടെ ഊഷ്മളത കെട്ടിപ്പുടുക്കാൻ ശ്രമിച്ച് പരാജയമടയുന്നതിന്റെ കാരണം തേടി പോകേണ്ടതില്ലല്ലോ. ത്യാഗത്തിലൂടെ മരണത്തെ അതിജീവിക്കാൻ കഴിയുന്നതിൽ പരം ശുഭാപ്തി എന്താണുള്ളത്. ■

Printed, Published and Owned by C.V. Vadavana, Sathyam Publications, Tiruvalla, Printed at Sathyam Press for Udaya Press Kottayam. Published at Sathyam Publications, Tiruvalla, Editor: C.V. Vadavana.